
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




## നോമ്പുകാലം

Vol. LXXV March 2025 No. 3



വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ പുതിയ
റെക്ടറായി നിയമിതനായ റവ.ഡോ. ഡൊമിനിക് വെച്ചൂരിന്
രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ



നെയ്യാറ്റിൻകര രൂപതയുടെ സഹായമെത്രാനായി നിയുക്തനായിരിക്കുന്ന
മാർ സെൽവരാജൻ പിതാവിനെ പാലാ രൂപതാധ്യക്ഷൻ
മാർ ജോസഫ് കല്ലറങ്ങാട്ട് പാലാ അരമനയിൽ സ്വീകരിക്കുന്നു.



ചൂണ്ടച്ചേരി സെന്റ് ജോസഫ് കോളജ് ഓഫ് എഞ്ചിനീയറിങ്ങ് ആന്റ് ടെക്നോളജിയുടെ ചെയർമാനായി പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ഡോ. ജോസഫ് തടത്തിൽ നിയമിതനായപ്പോൾ



ദീപനാളം പ്രതിഭാസംഗമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.



കെയർ ഹോംസ് വാർഷികം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.



ദീപിക ഫ്രണ്ട്സ് ക്ലബ് രൂപതാവാർഷികം പാലാ രൂപതാധ്യക്ഷൻ
മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.




മാർ സ്ലീവാ മെഡിസിറ്റിയുടെ ആഭിമുഖ്യത്തിൽ കാൻസർ ഡേ പ്രോഗ്രാം
പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.




ഓസ്ട്രേലിയായിലെ നോർത്തേൺ ടെറിറ്ററി ഗവൺമെന്റിൽ മന്ത്രിയായ
ജിൻസൺ ആന്റോ ചാൾസിന് മാർ സ്ലീവാ മെഡിസിറ്റിയിൽ
പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നേതൃത്വത്തിൽ
ആദരവ് നൽകുന്നു.



മാർ സ്ലീവാ മെഡിസിറ്റിയും കെയർ ഹോം പാലായും ചേർന്ന് സ്പെഷ്യൽ സ്കൂൾ കുട്ടികൾക്കായി ഒരുക്കുന്ന പ്രോജക്ട് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ സാന്നിധ്യത്തിൽ കൈമാറുന്നു



പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ യാത്രയയപ്പു സമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.





ഇലഞ്ഞി കർമ്മലീത്താമഠത്തിൽ സി. മേരി ബനീഞ്ഞായുടെ ജനനശതോത്തരരജതജൂബിലി ആഘോഷവും ബനീഞ്ഞാസ്മാരക ആശീർവാദകർമവും അവാർഡുദാനവും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# അന്തിനാട് പള്ളി















# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# ലൂർദ് മൗണ്ട് പള്ളി











"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ


**MARCH 2025**

**Vol. LXXV No. 3**

# CONTENTS


ഇടയലേഖനം - 83 ..................... 131

സർക്കുലർ ..................... 142

ട്രാൻസ്ഫർ ലിസ്റ്റ് ..................... 148

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് ..................... 155

അറിയിപ്പ് ..................... 164

വാർത്തകൾ ..................... 167

ആദരാഞ്ജലികൾ ..................... 202

അഭിവന്ദ്യപിതാവിന്റെ ഡയറി ..................... 204

ഇടയലേഖനം -83

## പുണ്യം പരക്കുന്ന പ്രായശ്ചിത്തദിനങ്ങൾ

## വലിയ നോമ്പ്: സൗമാ റമ്പാ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീസഹോദരന്മാരേ,

തിരുസ്സഭയുടെ ആരാധനാകലണ്ടറിലെ ഒരു സുപ്രധാന കാലഘട്ടമാണ് നോമ്പുകാലം. തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ഈസ്റ്റർ ആഘോഷത്തിനുള്ള തയ്യാറെടുപ്പിന്റെയും സമയമാണത്. അനുതാപശുശ്രൂഷയോടെ (വിഭൂതി) തിങ്കളാഴ്ച നമ്മൾ നോമ്പാരംഭിക്കുകയാണ്. ഞായറാഴ്ചകൾ ഉൾപ്പെടെ അമ്പതു ദിവസങ്ങളിലും നോമ്പുനോക്കുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. നോമ്പുകാലത്തെ നാലാം ആഴ്ചയിലെ ബുധനാഴ്ചയാണ് പാതിനോമ്പ് (പൽഗൂസ സൗമാ റമ്പാ).

ഈശോ മരുഭൂമിയിൽ നാല്പതു ദിവസങ്ങൾ ഉപവസിച്ചു (മത്തായി 4:1-11). സഭാപിതാവായ ക്രിസോസ്റ്റോം ഈശോയുടെ മരുഭൂമിദിനങ്ങളെക്കുറിച്ച് അനുസ്മരിക്കുന്നു: ഈശോയുടെ മാമ്മോദീസാവേളയിലെ പരിശുദ്ധ റൂഹായുടെ ആഗമനത്തിനുശേഷം ആത്മാവ് അവനെ മരുഭൂമിയിലേക്കു

നയിക്കുന്നു. ഇത് നമുക്കു പാഠമാകാനാണ്. ജീവിതപരീക്ഷ ണങ്ങളെ അസ്വാഭാവികസംഭവങ്ങളായി കരുതാതെ സ്വാഭാ വികമുഹൂർത്തങ്ങളായി നാം കാണണമെന്ന് മിശിഹാ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധ റൂഹാ അറിയാതെയല്ല നാം ജീവിത പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നത്. പത്രോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു: പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോ ധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷി തമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. മിശിഹായുടെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! (1 പത്രോ. 4:12-13).

ഈശോയുടെ ശൈലിയിലാണ് നാം നോമ്പിലെ ദിനങ്ങളെ ചിട്ടപ്പെടുത്തേണ്ടത്. പിശാചിന്റെ മൂന്നു പ്രലോഭനങ്ങളെയും ദൈവവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ഈശോ നേരിടുന്നത്. വി. ഗ്രന്ഥം അടച്ചുവയ്ക്കുമ്പോൾ നാം നിരായുധരാകുന്നു. അതു നമ്മെ ലൗകികമനുഷ്യനാക്കുന്നു. അവനു ദൈവാത്മാ വിന്റെ ദാനങ്ങൾ ഭോഷത്തമാണ്. അവ ഗ്രഹിക്കാൻ അവനു സാധിക്കുന്നില്ല (1 കോറി. 2:14). ഈശോയുടെ മരുഭൂമിദിന ങ്ങളെക്കുറിച്ച് വി. ജെറോം പറയുന്നു, പിശാചിന്റെ വാക്ശര ങ്ങളെ, അവന്റെ വികൃതമായ കാഴ്ചപ്പാടുകളെ, ദൈവവചന ത്തിന്റെ യഥാർഥ കവചംകൊണ്ട് മിശിഹാ ഒടിച്ചുകളഞ്ഞു. യഥാർഥ കവചം ദൈവവചനമാണ്. നോമ്പുകാലത്തെ ആരാധനക്രമവായനകളെല്ലാം വലുതാണ്. യാമപ്രാർഥന കളിൽ കാറോസൂസകളുടെ പ്രത്യേക ഗണംതന്നെയുണ്ട്. വചനംകൊണ്ട് സഭ നിറയുന്ന ദിനങ്ങളാണ് നോമ്പുകാലം.

വചനത്തിനു പ്രാധാന്യം കുറഞ്ഞുപോയപ്പോൾ ആരാ ധനാസമൂഹത്തിലേക്കു പല സന്ദർഭങ്ങളിലായി സെക്കുല റിസം കടന്നുകയറിയിട്ടുണ്ട്. ദൈവവിശ്വാസത്തെയും മതാചാര ങ്ങളെയും നിഷേധിക്കുന്ന ഈ ചിന്താധാര അപകടം നിറഞ്ഞ

താണ്. ആചാരാനുഷ്ഠാനങ്ങൾ കൃത്രിമമാണെന്നും ചൈതന്യമാണു പ്രധാനമെന്നും സെക്കുലർ ചിന്തകർ വാദിക്കുന്നു. ഭക്ഷണവർജനം, ഉപവാസം, ഇന്ദ്രിയനിഗ്രഹം തുടങ്ങിയ സഭയുടെ ആചാരങ്ങളെയെല്ലാം സെക്കുലറിസം നിഷേധിക്കുന്നുണ്ട്. ഇവയൊന്നുമില്ലെങ്കിലും നല്ല മനുഷ്യരാകാമെന്ന ചിന്ത നമ്മുടെയുള്ളിലും വേരുപിടിച്ചിട്ടുണ്ട്. പള്ളിയിൽ പോകാതെയും പ്രാർഥിക്കാം, കൂദാശകൾ കൂടാതെയും കൃപാവരം പ്രാപിക്കാം, കുമ്പസാരം കൂടാതെയും അനുരഞ്ജനപ്പെടാം, ആശയവ്യത്യാസങ്ങളുടെ പേരിൽ വിവാഹബന്ധം വേർപിരിയാം, വിവാഹബന്ധം വേർപെടുത്തി സുഹൃത്തുക്കളായി തുടരാം തുടങ്ങി കേൾവിക്ക് ഇമ്പമുള്ള അനേകം ആശയങ്ങളുടെ കുത്തൊഴുക്കിന്റെ കാലമാണിത്. ഈ സെക്കുലർ ആശയങ്ങൾ സുവിശേഷവെളിച്ചത്തിൽ നമ്മൾ തിരുത്തണം.

ഈശോ നാല്പതുദിവസം ഉപവസിച്ചു എന്ന വചനഭാഗം വായിക്കുമ്പോൾ, നോമ്പുകൂടാതെ നോമ്പിന്റെ ചൈതന്യം ജീവിക്കാമെന്ന സെക്കുലർ ലിബറൽ ചിന്തയുടെ മുനയൊടിഞ്ഞുകഴിഞ്ഞു. ഈശോയാണ് വഴിയും സത്യവും ജീവനും (യോഹ. 14 : 6). അവൻ പറഞ്ഞതും അവനെക്കുറിച്ചു വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുമായ വചനങ്ങൾ ആത്മാവും ജീവനുമാണ് (യോഹ. 6:63). ദൈവത്തിന്റെ രഹസ്യമായ ഈശോയെക്കുറിച്ചുള്ള സമ്പൂർണമായ അറിവു ലഭിക്കുന്നത് വി. ഗ്രന്ഥത്തിൽനിന്നാണ് (കോളോ. 2:2). നോമ്പനുഷ്ഠാനത്തിനു പ്രാധാന്യമുള്ളതുകൊണ്ടുതന്നെ ഈശോ തന്റെ മാതൃക നമുക്കു നല്കിയത്.

ദൈവവചനത്തോടു നിരന്തരം ബന്ധം പുലർത്തുന്ന ഒരു വ്യക്തി വിശ്വാസം, ധാർമികത എന്നീ മേഖലകളിൽ കൃത്യമായ വിവേചനം നടത്താനുള്ള നൈസർഗികമായ അഭിരുചി ആർജിക്കുന്നു. ഇതിനെയാണ് സെൻസുസ് ഫിദെയി ഫിദെലിസ്

(sensus fidei fidelis) എന്നു വിളിക്കുന്നത്. വിവേചനത്തിന്റെ ഈ അവബോധം ഇന്ദ്രിയം കണക്കെ ഒരുവനിൽ പ്രവർത്തിക്കുന്നു. യോഹന്നാൻ ശ്ലീഹാ എഴുതുന്നു: അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയുംകുറിച്ചു നിങ്ങളെ പഠിപ്പിക്കും. അതു സത്യമാണ്; വ്യാജമല്ല. അവൻ നിങ്ങളെ പഠിപ്പിച്ചതനുസരിച്ചു നിങ്ങൾ അവനിൽ വസിക്കുവിൻ (1 യോഹ. 2:27). ഈ ലോകത്തിന് അനുരൂപരാകാതെ മനസ്സിന്റെ നവീകരണംവഴി നാം രൂപാന്തരപ്പെടണം. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നമുക്കു സാധിക്കും (റോമാ. 12:2). നിത്യതയുടെ വെളിച്ചം ലഭിച്ച സത്യവിശ്വാസിക്കു ലൗകികവും ആപേക്ഷികവുമായ ധാരണകളുടെ പൊള്ളത്തരം വേഗം തിരിച്ചറിയാൻ കഴിയും. സുവിശേഷത്തിനു യോജിക്കാത്തതും സഭയിലേക്ക് അതിക്രമിച്ചുകയറുന്നതുമായ ലൗകികതത്ത്വചിന്തകളിൽനിന്ന് നമ്മെ ഏല്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ പരിശുദ്ധ റൂഹായുടെ ശക്തിയാൽ നാം കാത്തുസൂക്ഷിക്കണം (കൊളോ. 2:8; 2 തിമോ. 1:14). സത്യപ്രബോധനമാണ് ആ നല്ല നിക്ഷേപം.

ലൗകികവിജ്ഞാനത്തെ ദൈവം ഭോഷത്തമാക്കി. സുവിശേഷപ്രസംഗത്തിന്റെ ഭോഷത്തംവഴി ദൈവം നമ്മെ രക്ഷിച്ചു (1 കോറി. 1:21). സുവിശേഷത്തിന്റെ യുക്തിയാണ് വിശ്വാസിയുടെ യുക്തി. ഉടുപ്പു കരസ്ഥമാക്കാനുദ്യമിക്കുന്നവനു മേലങ്കികൂടി കൊടുക്കുകയും ഒരു മൈൽ ദൂരം പോകാൻ നിർബന്ധിക്കുന്നവനോടുകൂടെ രണ്ടു മൈൽ ദൂരം പോകുകയും ചെയ്യുന്ന യുക്തിയും ധാർമികതയുമാണിത് (മത്താ. 5:40-41): the moraltiy of the extra mile. മിശിഹായെപ്രതി കൂടുതൽ ദൂരം സഞ്ചരിക്കാൻ നാം നോമ്പുകാലത്തു തയ്യാറാകണം. നമ്മുടെ കളപ്പുരകൾ ദരിദ്രരുടെ മടിത്തട്ടിലും വിധവയുടെ ഭവനത്തിലുമാണു പണിയേണ്ടത്.

നോമ്പുകാലം നമ്മൾ ഗൗരവത്തോടെ സമീപിക്കണം. ഭക്ഷണത്താലല്ല കൃപാവരത്താൽ ഹൃദയത്തെ ശക്തമാക്കുന്ന ദിനങ്ങളാണ് വലിയ നോമ്പ് (ഹെബ്രാ. 13:9). മാംസവർജനവും ഇഷ്ടങ്ങളുടെമേലുള്ള നിയന്ത്രണവും ഇന്ദ്രിയനിഗ്രഹവും നാം ഇക്കാലയളവിൽ പരിശീലിക്കണം. കുടുംബത്തിൽ മാതാപിതാക്കൾ മക്കൾക്കു മാതൃക നൽകണം. കുടുംബജീവിതത്തിൽ നഷ്ടപ്പെട്ടുപോയ മൂല്യങ്ങൾ നാം തിരിച്ചുപിടിക്കണം. ഒരുമിച്ചുള്ള പ്രാർഥനയും ഒരുമിച്ചുള്ള ഭക്ഷണവും മുടങ്ങാതെ നാം സൂക്ഷിക്കണം.

പ്രലോഭനങ്ങളെ ശക്തിയുക്തം നാം നേരിടുന്ന കാലമാണ് നോമ്പുകാലം. തെറ്റുകുറ്റങ്ങളെ അംഗീകരിക്കുന്നതാണ് അതിന്റെ ആദ്യപടി. അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തനങ്ങളിൽ പങ്കുചേരരുത്. പകരം അവയെ കുറ്റപ്പെടുത്തുവിൻ (എഫേ. 5:11), സത്യസന്ധമായ അനുരഞ്ജന കൂദാശയാണ് പാപം കീഴടക്കാനുള്ള പ്രഥമമാർഗം. നോമ്പുകാലത്തെ ഇടവകധ്യാനങ്ങൾ നല്ല കുമ്പസാരത്തിനു നമ്മെ സഹായിക്കും. അനുതാപികളെ ഹൃദയാർദ്രതയോടെ വൈദികർ സ്വീകരിക്കണം.

നമ്മുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ ദൈവം അനുവദിക്കുന്നില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി ദൈവം നമുക്കു നൽകുന്നു (1 കോറി. 10:13). പ്രലോഭനങ്ങൾ എതിരിടാൻ നമ്മൾ അവലംബിക്കേണ്ടത് ഈശോയുടെ മാർഗമാണ്. പ്രലോഭനങ്ങളെക്കുറിച്ചു പറയുമ്പോൾ മരുഭൂമിയിൽ പിശാചിനെ നേരിട്ട മിശിഹായെ മഹാനായ ഗ്രിഗറി അനുസ്മരിക്കുന്നു. എല്ലാ പ്രലോഭനങ്ങൾക്കും വചനംകൊണ്ടു മറുപടി നൽകാൻ മിശിഹാ നമ്മെ പഠിപ്പിച്ചുവെന്ന് അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നു. ദൈവവചനമാണു പ്രലോഭനങ്ങൾക്കുനേരേയുള്ള

പ്രഥമായുധം. വചനമാകുന്ന ദിവ്യായുധം നമുക്കു സമീപസ്ഥമാണ് (റോമാ. 10:8). അതു നമ്മുടെ അധരത്തിലും ഹൃദയത്തിലുമുണ്ടാകാൻ നാം നോമ്പുകാലത്തു പ്രത്യേകം പരിശീലിക്കണം. പുതിയനിയമത്തിലെ ഒരധ്യായം വായിക്കാൻ നാം ഓരോരുത്തരും അമ്പതു ദിവസവും പരിശ്രമിക്കണം. അങ്ങനെ അതൊരു ജീവിതശൈലിയായി മെല്ലെ രൂപപ്പെടുന്നത് നമുക്ക് അനുഭവിക്കാൻ കഴിയും. ദൈവവചനം ഭക്ഷിക്കാത്തവനു ജീവൻ നിലനിർത്താനാവില്ല എന്ന് വി. ജെറോം നമ്മെ ഓർമിപ്പിക്കുന്നു. പാപത്തിനെതിരായുള്ള വലിയ സുരക്ഷിതത്വം തിരുലിഖിതവായനയാണ്.

യഥാർഥമായ നോമ്പും ഉപവാസവും സമൂഹത്തിലെ ദരിദ്രരുടെയും ചൂഷിതരുടെയും മുഖങ്ങൾക്കുനേരേ നമ്മെ തിരിച്ചുനിറുത്തുന്നു. അവരുടെ മുഖത്തെ ദൈന്യത നമ്മൾ കാണും. ഏശയ്യാപ്രവാചകനിലൂടെ ദൈവം നമ്മോടു ചോദിക്കുന്നു: ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ, നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും; നീ വേഗം സുഖം പ്രാപിക്കും; നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്ത്വം നിന്റെ പിന്നിലും നിന്നെ സംരക്ഷിക്കും. നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽനിന്നു ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്കു സംതൃപ്തി നല്കുകയും ചെയ്താൽ നിന്റെ

പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ട വേളകൾ മധ്യാഹ്നംപോലെയാകും. കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്കു സമൃദ്ധി നല്കും; നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയുംപോലെയാകും നീ. നിന്റെ പുരാതന നഷ്ടശിഷ്ടങ്ങൾ പുനരുദ്ധരിക്കപ്പെടും. അനേകം തലമുറകളുടെ അടിസ്ഥാനം നീ പണിതുയർത്തും. പൊളിഞ്ഞ മതിലുകൾ പുനരുദ്ധരിക്കുന്നവനെന്നും ഭവനങ്ങൾക്കു കേടുപോക്കുന്നവ നെന്നും നീ വിളിക്കപ്പെടും (ഏശ. 58:6-12). നേരേമറിച്ച്, സഹായമർഹിക്കുന്നവനുനേരേ ഹൃദയം അടയ്ക്കുന്നവനിൽ ദൈവസ്നേഹമില്ല എന്ന് യോഹന്നാൻ ശ്ലീഹാ നമ്മെ ഓർമ്മ പ്പിക്കുന്നു (1 യോഹ. 3:17).

ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തിനുള്ള ഉത്തരമായി നല്ല സമറായന്റെ ഉപമ ഈശോ വിശദീകരി ക്കുന്നു. അതിന്റെ അവസാനം വളരെ പ്രസക്തമായ ചോദ്യം അവിടുന്ന് തിരിച്ചുന്നയിക്കുന്നു: കവർച്ചക്കാരുടെ കൈയിൽ പ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? (ലൂക്കാ. 10:36). ആവശ്യമുള്ളവർക്ക് അയൽ ക്കാരായിത്തീരാൻ നോമ്പും ഉപവാസവും നമ്മെ പ്രാപ്തരാക്കു ന്നുണ്ട്. രൂപതയുടെ പാലാ ഹോം പ്രോജക്റ്റ് എന്ന പദ്ധതി വഴി നിങ്ങളിൽ പലരും നല്ല അയൽക്കാരായിത്തീർന്നവരാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങൾകൊണ്ട് രൂപതാർത്തിക്കുള്ളിൽ 1380 ഭവനങ്ങൾ വാസയോഗ്യമാക്കിത്തീർത്തു. ആയിരത്തി മുന്നൂറ്റിയെൺപതു കുടുംബങ്ങൾക്കു കയറിക്കിടക്കാൻ ഇട മുണ്ടായി. ആർക്കും ദാരിദ്ര്യദുഃഖമുണ്ടാകരുത്. ദൈവഹിത മനുസരിച്ചു വിഭവങ്ങൾ പങ്കിടണം. നമ്മുടെ വീടുകളും പള്ളികളും സമർപ്പിതഭവനങ്ങളും കാരുണ്യത്തിന്റെ ഉറവിടങ്ങ ളായിത്തീരണം. നമ്മുടെ രൂപതയിൽ ഭവനരഹിതരായി ആരും ഉണ്ടാകരുതെന്ന് ഉറപ്പുവരുത്തണം. കാൻസർ, വൃക്കരോഗം,

ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ നമ്മുടെ കരുണ കൂടുതൽ അർഹിക്കുന്നവരാണ്. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നിരാലംബരും സാമ്പത്തികബുദ്ധി മുട്ട് ഉള്ളവർക്കും സൗജന്യമായി തിമിരശസ്ത്രക്രിയ, ഡയാലി സിസ്, പാലിയേറ്റീവ് ഹോം കെയർ എന്നിവ മാർ സ്ലീവാ മെഡിസിറ്റിയിൽനിന്നു നല്കുന്നുണ്ട്. ദരിദ്രരരെ സഹായി ക്കുന്നവരുടെമേൽ ദൈവകടാക്ഷം പതിക്കുന്നുണ്ട്. മിശിഹാ യുടെ നാമത്തിൽ ഒരു പാത്രം വെള്ളം കുടിക്കാൻ നല്കുന്ന വനും സുവിശേഷം പ്രതിഫലം വാഗ്ദാനം ചെയ്യുന്നുണ്ടെന്ന് നമുക്ക് ഓർമിക്കാം (മർക്കോ. 9: 41). നോമ്പ് അർഥപൂർണമാകു ന്നത് ഒറ്റപ്പെട്ടവരുടെയും ഇരയാക്കപ്പെട്ടവരുടെയും നിലവിളി കൾക്കു മറുപടി കൊടുക്കുമ്പോഴാണ്.

ആന്തരികമായ പശ്ചാത്താപം പ്രകടിപ്പിക്കാനുള്ള മൂന്നു മാർഗങ്ങൾ വിശുദ്ധ ലിഖിതവും സഭാപിതാക്കാന്മാരും ഊന്നി പ്പറയുന്നു: ഉപവാസം, പ്രാർഥന, ദാനധർമം എന്നിവയാണത് (CCC 1434). നോമ്പുകാലം പ്രാർഥനയുടെയും പ്രായശ്ചിത്ത ത്തിന്റെയും സവിശേഷകാലമായി നാം പരിഗണിക്കണം. അനുദിനമുള്ള വിശുദ്ധ കുർബാനയിൽ സാധിക്കുന്ന എല്ലാവരും പങ്കുചേരണം. അനുദിനമാനസാന്തരത്തിന്റെയും പ്രായശ്ചിത്തത്തിന്റെ ഉറവിടവും പോഷണവുമാണ് വിശുദ്ധ കുർബാന (CCC 1436). വിശുദ്ധ കുർബാനയിലെ കുട്ടികളുടെ പങ്കാളിത്തം വൈദികർ പ്രോത്സാഹിപ്പിക്കണം. അനുദിനകുർ ബാനയിൽ പങ്കുചേരാൻ താത്പര്യമുള്ള പരസഹായം ആവശ്യമായ മാതാപിതാക്കളെ മക്കൾ സഹായിക്കണം. കിടപ്പുരോഗികളായിട്ടുള്ളവർക്കു നോമ്പുകാലത്ത് പരി. കുർബാന ഭവനങ്ങളിലെത്തിക്കാൻ വൈദികരെ വാർഡു പ്രതിനിധികൾക്കു സഹായിക്കാൻ കഴിയും. ഒത്തൊരുമിച്ച് ഒരായിരം പുണ്യങ്ങൾ ചെയ്യാൻ നമുക്ക് ഈ നോമ്പിൽ കഴിയണം. സുറിയാനിപിതാക്കന്മാരുടെയിടയിലെ ഒരു

പഴഞ്ചൊല്ല് മറക്കാതിരിക്കാം: നിന്റെ നാവിനെയും ഉദരത്തെയും നിയന്ത്രിക്കുക.

ശനിയാഴ്ചകളിൽ വൈദികരും സമൂഹവുമൊന്നിച്ച് റംശാ പ്രാർഥന ഇടവകപ്പള്ളികളിൽ നടത്തുന്നതു നോമ്പുകാലത്ത് ഏറ്റവും ഉചിതമായ കാര്യമാണ്. അതു പശ്ചാത്താപചൈതന്യത്തെ ഉണർത്തും (CCC 1437). കൂടാതെ, ഈശോയെ അനുകരിച്ചു സഭയും രാത്രിജാഗരണം അനുഷ്ഠിക്കാറുണ്ട് (CCC 2602). ഈശോ പലപ്പോഴും, പ്രത്യേകിച്ച് രാത്രിയാമങ്ങളിൽ, ഏകാന്തമായി പ്രാർഥിക്കാൻ മലമുകളിലേക്കു പോയിരുന്നു. ഭാഗികമായെങ്കിലും രാത്രിജാഗരണത്തിനുള്ള സാഹചര്യം ഈ നോമ്പുകാലത്ത് പള്ളികളിൽ ഒരുക്കാൻ കഴിയുമോയെന്നും നാം ചിന്തിക്കണം. നോമ്പുകാലത്ത് ഇടവകകളിൽനിന്നുള്ള തീർഥാടകസംഘങ്ങൾ കുരിശിന്റെവഴി കയറാൻ അരുവിത്തുറ വല്യച്ചൻമലയിലേക്കും വാഗമണ്ണിലെ കുരിശുമലയിലേക്കും പോകുന്ന പതിവ് തുടരണം. രണ്ടു സ്ഥലങ്ങൾ എടുത്തുപറഞ്ഞു എന്നുമാത്രമേയുള്ളൂ. ഉപവാസത്തിനൊപ്പം തീർഥാടനവും ധർമദാനവും ജീവകാരുണ്യ പ്രവർത്തനങ്ങളും പ്രായശ്ചിത്തത്തിന്റെ അടയാളങ്ങളാണ് (CCC 1438). നോമ്പുകാലത്ത് സാധിക്കുന്നവരെല്ലാം വി. അൽഫോൻസാമ്മയുടെ പുണ്യകുടീരവും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടവും സന്ദർശിച്ചു പ്രാർഥിക്കാൻ ശ്രമിക്കുമല്ലോ.

ദാനധർമം എണ്ണമറ്റ പാപങ്ങൾ മായ്ച്ചുകളയും (1 പത്രോ. 4:8). നമ്മുടെ സമീപപ്രദേശങ്ങളിലുള്ള വൃദ്ധസദനങ്ങളിലും മനോദൗർബല്യമുള്ളവരെ പാർപ്പിക്കുന്ന സ്ഥാപനങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും നമുക്കു സാന്ത്വനമെത്തിക്കാൻ കഴിയണം. പകരം നൽകാൻ തങ്ങളുടെ പക്കൽ ഒന്നുമില്ലാത്തവരാണവർ (ലൂക്കാ 14:14). സ്വന്തം കുടുംബസാഹചര്യ

ങ്ങളെയും തൊഴിൽസാഹചര്യങ്ങളെയും അംഗീകരിക്കാനും കുടുംബാംഗങ്ങളെ രക്ഷയുടെ അനുഭവത്തിലേക്ക് എത്തിക്കാനും ഓരോരുത്തരും ഈ നാളിൽ പരിശ്രമിക്കണം. ഓരോ ദിവസവും സ്വന്തം കുരിശെടുത്തുകൊണ്ട് ഈശോയെ അനുഗമിക്കുന്നത് ഏറ്റവും പൂർണമായ ഒരു പ്രായശ്ചിത്തമാണ് (CCC 1435). ഡിജിറ്റൽ ഉപകരണങ്ങൾ നമ്മുടെ യജമാനന്മാരാകാതെ ശ്രദ്ധിക്കണം. മൊബൈൽ ഫോണിലൂടെ കൈമാറ്റം ചെയ്യുന്ന ആശയങ്ങൾ സത്യവും നീതിപൂർവകവുമാകണം. പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യാതെ പ്രകൃതിയോടൊത്ത് ജീവിക്കണം.

നമ്മുടെ ഇടവകകളിൽ വിവാഹം കൂദാശയായി സ്വീകരിക്കാതെ കൂടിത്താമസം നടത്തുന്നവരെ സമീപിക്കാനും അവരെ ഒരുക്കി കൂദാശയിലേക്ക് ആനയിക്കാനും വൈദികരും സന്ന്യസ്തരും ഈ നോമ്പുകാലത്ത് പ്രത്യേകം ശ്രദ്ധിക്കണം. ആ കുടുംബങ്ങളിൽ മാമ്മോദീസ സ്വീകരിക്കാത്ത കുട്ടികളുണ്ടെങ്കിൽ അവരെ പ്രാരംഭകൂദാശകളുടെ സ്വീകരണത്തിലേക്ക് ആനയിക്കണം. തന്റെ മക്കളെ വാത്സല്യത്തോടെയും സഹതാപത്തോടെയും കടാക്ഷിക്കുന്ന അമ്മയാണ് സഭ എന്ന അനുഭവം എല്ലാവരിലേക്കും എത്തിക്കാൻ നമുക്കു കഴിയണം. നമ്മുടെ സമൂഹത്തിൽ വർധിച്ചുവരുന്ന, വിവാഹബന്ധം വേർപെടുത്തൽ ആശങ്കയോടെയാണു നോക്കിക്കാണുന്നത്. കുടുംബങ്ങളുടെ സ്വകാര്യത കാത്തുസൂക്ഷിച്ചുകൊണ്ട് അനുരഞ്ജനത്തിലേക്കു ദമ്പതികളെ ആനയിക്കാൻ നമുക്കു കഴിയണം.

ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസമല്ല (ഏശ. 58:5) നാം അനുഷ്ഠിക്കാൻ ആരംഭിക്കുന്നത്. ഉപവാസം ഒരു ജീവിതശൈലിയായി നാം സ്വീകരിക്കുകയാണ്. നോമ്പിന്റെ ദിനങ്ങളിൽ സാത്താനേ, ദൂരെപ്പോവുക (മത്താ.

4:10)എന്ന് നാമോരുത്തരും പരീക്ഷകനോട് ഈശോയുടെ നാമത്തിൽ പറയുകയാണ്. ശരീരത്തിന് ഇഷ്ടമുള്ളവ നിഷേധിച്ച് നാം കരുത്തുപ്രാപിക്കുകയാണ്. നോമ്പിന്റെ പടിവാതിൽക്കൽ പ്രതീക്ഷയോടെ നാം എല്ലാവരും നിൽക്കുകയാണ്. പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി നമ്മൾ മുന്നേറുകയാണ്. ഈശോമിശിഹായിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി നമ്മൾ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു (ഫിലി. 3:13-14).

എല്ലാവർക്കും നല്ലൊരു നോമ്പുകാലം ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 23.02.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതമെത്രാൻ

---

NB: ഈ ഇടയലേഖനം 2025 മാർച്ച് 2-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

No.: 4089/K-5/KCBC/OL/DS 14.02.2025

**മദ്യ-ലഹരിവിരുദ്ധ ഞായർ - 2025 മാർച്ച് 23**

## മദ്യ-ലഹരിവിരുദ്ധഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, സന്ന്യസ്തരേ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധസഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധസമിതി പ്രവർത്തിച്ചുവരുന്നു.

മാരകമായ രാസലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർധിക്കുന്നു. ധാർമികതയ്ക്കു വിലയില്ലാതാകുന്നു. സ്വന്തം ഭവനത്തിൽപ്പോലും സ്വന്തപ്പെട്ട

വർക്ക് പേടിച്ചു കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹികതിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണംനേടി വരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യവില്പനയും മദ്യനിർമാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചു കൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യകമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നല്കിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറയൊരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നുകൊണ്ടിരിക്കുന്നു. സർക്കാരിന്റെതന്നെ പദ്ധതിയായ ‘അമൃതം ആരോഗ്യം’ എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയിലയുപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്കു ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ മുക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചുകഴിഞ്ഞു. കേവലം, 18 വയസ്സിനു താഴെ പ്രായമുള്ളവരുടെ ‘കുട്ടിഗുണ്ടാസംഘങ്ങൾ’ ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞുതന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ

മദ്യ-രാസലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാനാതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം. കേരളത്തിലേക്കു തൊഴിൽ തേടി പുറത്തുനിന്നുവരുന്നവരെ സമ്പൂർണ പരിശോധനയ്ക്കു വിധേയമാക്കണം. നമ്മുടെ മതബോധനക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തികസ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാനങ്ങളെയും ഇതു നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വതപരിഹാരം കാണാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്തു സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായപ്രാർഥനകളും ബോധവത്കരണവും മദ്യവിരുദ്ധപ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

"ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു" (YOUCAT- 389). രാസലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഇപ്രകാരം പറഞ്ഞു: "മയക്കുമരുന്നു കച്ചവടക്കാർ മരണസംസ്കാരത്തിന്റെ വ്യാപാരികളാണ്." ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽനിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവന്റെയും ധർമമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്താനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരളസഭയിലെ എല്ലാ അല്മായപ്രസ്ഥാനങ്ങളും സംഘട

നകളും ലഹരിക്കെതിരേയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു ചിന്തിക്കുകയും മദ്യ-രാസലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരിക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവത്കരണപ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാനപരിപാടികളിലൂടെ സമ്പൂർണവിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹിക വിപത്തിനെതിരേയുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യ-ലഹരിവിരുദ്ധഞായർ ആചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച മദ്യ-ലഹരിവിരുദ്ധപ്രവർത്തനങ്ങൾ നടത്താൻ രൂപതാകേന്ദ്രത്തിൽ നൽകണമെന്നു സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധസമിതി)

**ബിഷപ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ)

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

N:B: *ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.*

## PORTFOLIOS OF SYNCELLI

### PROTOSYNCELLUS: Very Rev. Fr. Joseph Thadathil PhD

Parishes; Priests; St. Alphonsa Shrine and Pilgrim Centre, Bharananganam; Public Relations Department (PRO); Manager of St. Thomas College, Alphonsa College, St. Thomas College of Teacher Education; Chairman of St. Joseph's College of Engineering & Technology - Choondacherry, St. Joseph's Institute of Hotel Managament and Catering Technology - Choondacherry; Syncellus in charge of other Aided Colleges - St. George College Aruvithura & Deva Matha College Kuravilangad; Forane Monthly Recollections of Priests; Priests' Homes; ADCP; Family Aid Fund; Pala Caritas; Internet Evangelization; Pravasy Apostolate; Eparchial Legal Department; EWS; Safe Environment; Jagratha Samathi.

### SYNCELLUS: Very Rev. Fr. Joseph Maleparampil STD

Construction of New Pastoral Center Building; Ongoing Formation of Priests; Religious Houses of Men; Religious Congregations of Women - CMC, DST, SABS, SH & SMC; In charge of Regents and other Seminarians; Self Financing Arts and Science Colleges; Golden Jubilee Cultural Museum; Alphonsian Pastoral Institute, Arunapuram; Pala Home Project; Sabarmathi Mission in the Eparchy of Shamshabad, Gujrat; Palai Mission in the Eparchy of Thuckley; Deepika Friends Club; Sea View Estate, Parathanam; Green Valley Estate, Koothrappally

### SYNCELLUS: Very Rev. Fr. Sebastian Vethanath STD

Schools; Civil Service Institute; Religious Congregations of Women - FCC & SMS; Evangelization Programmes; Mount Nebo Eparchial Retreat Centre – Vagamon; Bible Convention; Coordination of Departments in Shalom Pastoral Centre; PSWS;

AKCC; St Vincent de Paul Society; Secular Franciscan Order (SFO); Santhwana Institute of Counselling and Guidance – Kizhathadiyoor; Prayer Houses (Narianganam & Kadaplamattam); Industrial Estate; Farmers Movement Palai; Madhya Virudha Samathi; St. Thomas Press and Deepanalam Society

**SYNCELLUS: Very Rev. Fr. Joseph Kaniyodickal DTh**

Mar Sleeva Medicity Palai, Cherpunkal; Mar Sleeva College of Nursing, Cherpunkal; Holy Ghost Mission Hospital, Muttuchira; Fathima Hospital, Kozhuvanal; ADARRT

## GENERAL TRANSFER – 22 FEBRUARY 2025

### Name wise List

| Very Rev. Fr / Rev. Fr | Offices |
|---|---|
| Alappattumedayil Mathew | Relieved, Dean - academic, Civil Service Institute, Arunapuram |
| Ambattu Joseph | Asst. Rector, St. Alphonsa Shrine, Bharananganam |
| Ammanathukunnel Joseph | Vicar, Kattampack |
| Ammottukunnel Mathew | Relieved, Asst. Rector, Savio Home, Neeloor & Residence at the Presbytery of Thudanganad |
| Ampazhathinal George | Vicar, Mavady |
| Anithanam Kurian | Vicar, Moonnani |
| Arackal Joseph | Asst. Director, Alphonsian Pastoral Institute, Arunapuram |
| Aranjaniputhenpura Augustine | Vicar, Monippally |
| Arimattath Joseph | Director - Evangelization, Kudumbakoottayma, Charismatic Renewal, Bible Convention & Jagratha Samithy |
| Ayallukunnel Thomas | Vicar, Manalumkal |
| Chamakkalayil Sebastian | Vice Principal & Dean - academic, Civil service Institute, Arunapuram & Asst. Vicar, Arunapuram |
| Cheenothuparampil Joseph | Vicar, Perumthuruth |
| Cherukarakunnel Joseph | Vicar, Anthialam |

| | |
|---|---|
| Edathinal Francis | Vicar, Kavumkandam |
| Ettackakunnel George | Vicar, Nellappara |
| Kaitholil Joseph | Vicar, Ayyampara |
| Kakkattuthadathil Thomas | Vicar, Manvettom |
| Kalachirayil Thomas | Formator & Professor, Good Shepherd Minor Seminary, Karoor |
| Kallarackal Martin | Bursar, BVM Holy Cross College, Cherpunkal & Senior Asst. Vicar, Cherpunkal |
| Kandathilkudilil Augustine | Asst. Director, Beth Aprem Nasrani Dayara, Kappumthala |
| Kavanadimalayil Mathew | Vicar, Kuruvinal |
| Kochodackal Thomas | Vicar, Mangalagiri |
| Kolath Mathew | Vicar, Vakkad |
| Koottiyaniyil Augustine | Leave for Prayer & Residence at Alphonsian Pastoral Institute |
| Koramkuzha Mathew | Vicar, Piravom |
| Kottayil Jose | Spiritual Assistant, Kuravilangad |
| Kozhuppankutty Mani | Relieved, Secretary to the Bishop & Asst. Director, DCMS, Continues as the Director of SMYM & Asst. Director, Pravasi apostolate |
| Kudilil James | Vicar, Koothattukulam |
| Kumbulumkal Mathew | Relieved, Director, Sunday Bible Preaching Society at St Thomas HS, Palai |
| Kuppapuzhackal Abraham | Vicar, Arunapuram |

| | |
|---|---|
| Kurichiyel Isaac | Thukalay Mission |
| Kuruppasseriyil Joseph | Vicar, Elappally |
| Kuttarapallil John | Vicar, Alphonsagiri |
| Kuttikatt Thomas | Vicar, Poozhikol |
| Kuttiyanickal Mathew | Manager, St Joseph's College of Engineering and Technology (from 01-06-2025) |
| Kuzhinjalil Jose | Vicar, Edad |
| Madathikunnel Joseph | Vicar, Poovarany |
| Malamackal Scaria | Relieved, Bursar, BVM Holy Cross College, Cherpunkal |
| Malayilputhenpura Thomas | Vicar, Jaigiri |
| Mampallikunnel Sebastian | Sick Leave & Residence at Vianney Priests' Home, Muttuchira |
| Manianchira Thomas | Vicar, Kurumannu |
| Menachery Thomas | Vicar Archpriest, Kuravilanagad |
| Meyickal Joseph | Vicar, Valachira |
| Mukkamkuzhiyil Kurian | Asst. Finance officer, Eparchy of Palai |
| Muthuplackal Mathew | Director, Mar Sleeva Medicity, Cherpunkal |
| Nellickatheruvil Jose | Vicar, Kozhuvanal |
| Olickal Thomas | Retired & Residence at Mar Aprem Priests' Home, Pala |
| Olickalputhenpura Thomas | Vicar, Malayinchippara |
| Ozhukayil George | Vicar, Vimalagiri (Chakkikavu) |
| Paikada Alexander | Vicar, Payyanithottam |
| Palackathadathil Abraham | Director, Holy Ghost Mission Hospital, Muttuchira |

| | |
|---|---|
| Panampuzha Joseph | Vicar, Kadanad |
| Pandarakappil Alex | Vicar, Thodanal |
| Panthalanickal Mathew | Sick Leave & Residence at Mar Aprem Priests' Home, Pala |
| Paraplackal Paul | Vicar, Maniamkulam |
| Parekunnel George | Vicar, Arakulam Old |
| Pattery Thomas | Vicar, Narianganam |
| Peedikamalayil Augustine | Vicar, Thuruthippally |
| Pendanam Sebastian | Secretary to the Bishop |
| Periappuram Emmanuel | Retired & Residence at Vianney Priests' Home, Muttuchira |
| Poovathumkal Jose | Vicar, Periapuram |
| Potheettel John | Retired & Chaplain, Rose Bhavan, Monippally |
| Pullukalayil Mathew | Vicar, Plassanal |
| Puthenpura Joseph | Relieved, Chaplain, Rose Bhavan, Monippally & Residence at *Casa del Clero*, Cherpunkal |
| Puthettu Cyriac | Vicar, Choondacherry |
| Puthoor Sebastian | Vicar, Vayala |
| Puthumana Joseph | Formator & Professor, Good Shepherd Minor Seminary, Karoor |

| | |
|---|---|
| Thadathil Cyriac | Manager, St. Thomas Press & St. Thomas Book Stall, Palai and Director, Deepanalam Society, Palai |
| Thadathil Kurian | Vicar, Moonnilavu |
| Thalavayalil Abraham | Vicar, Pius Mount |
| Tharappel Jose Jr. | Vicar, Udayagiri |
| Thekkel Mathew | Vicar, Cherpunkal |
| Thengumpallil Joseph | Relieved, Vicar, Alphonsagiri & Residence at the Presbytery of St. Thomas Cathedral, Palai |
| Thudiyanplackal Kuruvila | Spiritual Director, St Alphonsa Shrine, Bharananganam |
| Vadakkekara Michael | Vicar, Mulakulam |
| Vadakkethakidiyel Kuriakose | Vicar, Kizhaparayar |
| Vattamattom Philip | Vicar, Maryland |
| Vayaliparambil George | Vicar, Palackattumala |
| Vazhakkaparayil Mathew | Vicar, Paika |
| Vekathanam Scaria | Vicar, Vellikulam |
| Velamparambil Cyrus | Vicar, Kalathoor |
| Vellamaruthumkal Jacob | Relieved, Director, Evangelization Programmes and Jagrathasamithy & Continues as the Vicar of Urulikunnam & Director of Madyavirudha Samithy |
| Vettukallel George | Vicar, Teekoy |
| Vilakunnel Joseph | Senior Asst. Vicar, Poonjar |
| | |

| Asst. Vicars | |
|---|---|
| Rev. Fr | Offices |
| Attangattil Joseph | Asst. Vicar, Kadanad |
| Chengazhacheril Joseph | Asst. Vicar, Aruvithura |
| Chooracka| Joseph | Asst. Vicar, Kuravilangad |
| Chovelikudiyil James | NET Coaching |
| Chukkananickal John | Asst. Vicar, Kalathoor |
| Kadhaliyil Joseph | Spiritual Director, Mar Aprem Seminary |
| Kaduthodil Jacob | Asst. Vicar, Chemmalamattom |
| Kattipparampil Thomas | Sabarmati Mission |
| Kolliyil Antony | Asst. Vicar, Pravithanam |
| Konookunnel Joseph | Asst. Vicar, Mutholapuram |
| Koovelloor Joseph | Asst. Vicar, Cherpunkal |
| Kandaparambath Joseph RCJ | Asst. Vicar, Melukavumattom |
| Kunnackattu Cherian (Joby) | Asst. Vicar, Lalam New |
| Kuzhikannil John | Asst. Vicar, Manvettom |
| Kuzhivelithadathil Joseph | Asst. Vicar, Aruvithura |
| Manarkattu Joseph | Relieved, Vice Chancellor & Study-German Language |
| Marottickal Joseph | Asst. Vicar, Koothattukulam |
| Mecheril Augustine | Asst. Vicar, Koottickal |
| Mookkenthottathil Joseph | Asst. Vicar, Cherpunkal |
| Naduthadam John | Asst. Vicar, Kaduthuruthy |
| Njaralakkattu Antony | Asst. Vicar, Muttuchira |
| Njattuthottiyil George | Asst. Vicar, Arakulam New |
| | |

| | |
|---|---|
| Panthanmackal Manu RCJ | Relieved, Asst. Vicar, Thidanad |
| Panthiruvelil Mathew | Sabarmati Mission |
| Peringamalayil Issac | Asst. Vicar, Cathedral |
| Periyappurathu Abraham | Asst. Vicar, Kaduthuruthy |
| Pettapuzha Sebastian | Asst. Vicar, Monippally |
| Thannickappara Joseph | Asst. Vicar, Bharananganam |
| Thannimalayil Thomas | Asst. Vicar, Kuravilangad |
| Tharappel George | Asst. Vicar, Cathedral |
| Thayyil Mathew | Asst. Vicar, Bharananganam |
| Thellikunnel Joseph CRM | Relieved, Asst. Vicar, Poovarany |
| Theruvankunnel Mathew | Asst. Vicar, Paika |
| Thevarparampil Joseph | Asst. Vicar, Kadaplamattom |
| Vadayattukuzhy Joseph | Relieved, Asst. Vicar, Kuravilangad & Study-German Language |
| Vanchipurackal Joseph | Asst. Vicar, Vayala & NET Coaching |
| Vayalil John | Asst. Vicar, Thidanad |
| Vazhayil Thomas | Asst. Vicar, Teekoy |
| Vazheparambil Zacharia | Asst. Vicar, Moolamattom |
| Vettukallel Mathew Jr | Asst. Vicar, Yendayar |
| Vettukallumpurath Joseph | Asst. Vicar, Plassanal |
| Villanthanam Antony | Asst. Vicar, Poovarany |

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. ആണ്ടുതിരട്ട് രൂപതക്കച്ചേരിയിൽനിന്നു നിർദേശിക്കുന്ന തീയതിക്കുമുമ്പായി പ്രതിനിധി/പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗിക പേര് (ഐഡി/ആധാർ)** ആണ് നല്കേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ് (Statutory)**.

4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്ക് Edayan Software വഴി അയച്ചുതരേണ്ടതാണ്.** ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. **12 A രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്** ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ **കോപ്പികൾ** രൂപതാകേന്ദ്രത്തിൽ നല്കേണ്ടതാണ്.

5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ

ശേഖരിക്കുകയും നിർദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെവന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനും ബുദ്ധിമുട്ടുണ്ടാകും.

6. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരിഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
7. ആണ്ടുതിരട്ടിനുമുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.
8. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതുകണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാറിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.
9. ആണ്ടുതിരട്ടു സംബന്ധിച്ച് **പാലാ രൂപത നിയമാവലിയിൽ (P 359 ff)** നല്കിയിട്ടുള്ള ഇതരനിർദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
10. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.
11. ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
12. യോഗപ്പുസ്തകത്തിൽ ആണ്ടുതിരട്ട് പൊതുയോഗ/പള്ളിയോഗതീരുമാനം എഴുതണം.

13. Printed Copy എടുക്കുന്നവർ യോഗതീരുമാനംകൂടി ചേർത്ത് Bind ചെയ്യണം.

14. പകർത്തി എഴുതണം. Printed Copy എടുക്കുന്നവർ Decree പകർത്തി എഴുതുവാൻ കൂടുതൽ പേപ്പറുകൾ ചേർത്ത് Bind ചെയ്യണം.

15. ആണ്ടുതിരട്ടുയോഗത്തിൽ മറ്റു പൊതുവായ കാര്യങ്ങൾ യോഗനിശ്ചയം ചെയ്തിട്ടുണ്ടെങ്കിൽ അത് രൂപതാമുദ്ര പ്പത്രത്തിൽ എഴുതി കച്ചേരിയിൽ നേരിട്ട് ഏല്പിക്കണം.

16. ആണ്ടുതിരട്ടുയോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം പൂർണമായും എഴുതണം.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്

വിവിധയിനത്തിലുള്ള നേർച്ചവരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം (50:50), പലവകവരുമാനം, കാർഷികവരുമാനങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ) എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്ന് നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7 ശതമാനം സിംഹാസനഫീസ് (*Cathedraticum*) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ച വരുമാനത്തിൽനിന്നു 20,000 രൂപ കുറച്ച് (ഇരുപതിനായിരം രൂപയെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10 ശതമാനവും ഇതരവരുമാനത്തിൽനിന്ന് 40,000 രൂപ കുറച്ചു ബാക്കി തുകയുടെ 3 ശതമാനവും ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം) (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43 ശതമാനം പസ്സാരവിഹിതമെന്ന പേരിൽ വൈദിക മന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund ലേക്കു പൂർണമായും നല്കുന്നു. വിളിച്ചു

ചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാര ഫണ്ടിലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ രൂപതാ ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം, Edayan Software Annual Subscription എന്നിവയുടെ തുകയും ചേർത്താണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| DATE | PARISH AND TIMING | | | |
|---|---|---|---|---|
| 02-05-2025 Friday | Arunapuram (09.00 am) | Kudakkachira (09.15 am) | Lalam Old (09.30 am) | Moonnani (9.45 am) |
| | Mutholy (10.00 am) | Palakad (10.15 am) | Thodanal (10.30 am) | Urulikunnam (11.00 am) |
| | Mevada (11.15 am) | Meenachil (11.30 am) | Nelliyani (11.45 am) | Paingulam (12.00 pm) |
| 03-05-2025 Saturday | Moonnilavu (09.00 am) | Poovarany (09.15 am) | Valavoor (09.30 am) | Nellappara (9.45 am) |
| | Bharananganam (10.00 am) | Amparanirappel (10.15 am) | Choondacherry (10.30 am) | Edappady (11.00 am) |
| | Idamattom (11.15 am) | Plassanal (11.30 am) | Poovathodu (11.45 am) | Piusmount (12.00 pm) |
| 05-05-2025 Monday | Cherpunkal (09.00 am) | Alphonsagiri (09.15 am) | Kanjiramattom (09.30 am) | Karimpani (9.45 am) |
| | Manalumkal (10.00 am) | Manjamattom (10.15 am) | Paduva (10.30 am) | Palayam (11.00 am) |
| | Elanji (11.15 am) | Josegiri (11.30 am) | Kakkoor (11.45 am) | Mulakulam (12.00 pm) |
| 06-05-2025 Tuesday | Mutholapuram (09.00 am) | Santhipuram (09.15 am) | Thirumarady (09.30 am) | Xavierpuram (9.45 am) |
| | Kadanad (10.00 am) | Anthinad (10.15 am) | Kavumkandam (10.30 am) | Manathoor (11.00 am) |
| | Pizhaku (Urumpukavu) (11.15 am) | Aimcomb (11.30 am) | Kurumannu (11.45 am) | Geovally (12.00 pm) |
| 07-05-2025 Wednesday | Kaduthuruthy (09.00 am) | Arunoottimangalam (09.15 am) | Keezhoor (09.30 am) | Mannar (9.45 am) |
| | Poozhikol (10.00 am) | Thuruthipally (10.15 am) | Eravimangalam (10.30 am) | Vakkad (11.00 am) |
| | Koottickal (11.15 am) | Cholathadam (11.30 am) | Kavaly (11.45 am) | Malayinchipara (12.00 pm) |

| | | | | |
|---|---|---|---|---|
| 08-05-2025 Thursday | Parathanam (09.00 am) | Velanilam (09.15 am) | Yenthayar (09.30 am) | Vilakkumadam (9.45 am) |
| | Kothanalloor (10.00 am) | Kalathoor (10.15 am) | Mannarappara (10.30 am) | Manvettam (11.00 am) |
| | Nambiakulam (11.15 am) | Perumthuruthu (11.30 am) | Sleevapuram (11.45 am) | Vedagiri (12.00 pm) |
| 09-05-2025 Friday | Kuravilangad (09.00 am) | Kattampak (09.15 am) | Kurichithanam (09.30 am) | Mannackanad (9.45 am) |
| | Monippally (10.00 am) | Udayagiri (10.15 am) | Vayala (10.30 am) | Kizhaparayar (11.00 am) |
| | Moolamattom (11.15 am) | Arakulam New (11.30 am) | Arakulam Old (11.45 am) | Edadu (12.00 pm) |
| 12-05-2025 Monday | Muttuchira (09.00 am) | Valachira (09.15 am) | Alphonsapuram (09.30 am) | Vimalagiri (Chakkikavu) (9.45 am) |
| | Malapuram (10.00 am) | Fathimapuram (10.15 am) | Jaigiri (10.30 am) | Kanjirathanam (11.00 am) |
| | Elappally (11.15 am) | Kudayathoor (11.30 am) | Kulamavu (11.45 am) | Lourdes Mount(12.00 pm) |
| 13-05-2025 Tuesday | Poonjar (09.00 am) | Adivaram (09.15 am) | Kaipally (09.30 am) | Kunnonni (9.45 am) |
| | Maniamkunnu (10.00 am) | Peringulam (10.15 am) | Thakady (10.30 am) | Payyanithottam (11.00 am) |
| | Pravithanam (11.15 am) | Elamthottam (11.30 am) | Kaveekunnu (11.45 am) | Mundankal (12.00 pm) |
| 14-05-2025 Wednesday | Kayyor (09.00 am) | Narianganam (09.15 am) | Ullanad (09.30 am) | Vezhanganam (9.45 am) |
| | Ramapuram (10.00 am) | Anthialam (10.15 am) | Chakkampuzha (10.30 am) | Chittar (11.00 am) |
| | Ezhacherry (11.15 am) | Karoor (11.30 am) | Kondad (11.45 am) | Kurinji (12.00 pm) |

| | | | | |
|---|---|---|---|---|
| 15-05-2025 Thursday | Teekoy (09.00 am) | Ayampara (09.15 am) | Adukkam (09.30 am) | Mangalagiri (9.45 am) |
| | Mavady (10.00 am) | Santhigiri (10.15 am) | Vagamon (10.30 am) | Vellikulam (11.00 am) |
| | Thudanganad (11.15 am) | Gagultha (Mattathippara) (11.30 am) | Jose Mount (Illiary) (11.45 am) | Kakombu (12.00 pm) |
| 16-05-2025 Friday | Maryland (09.00 am) | Melukavumattom (09.15 am) | Neeloor (09.30 am) | Sibigiri (9.45 am) |
| | Varianikad (10.00 am) | Chemmalamattam (10.15 am) | Chettuthod (10.30 am) | Paika (11.00 am) |
| | Thidanad (11.15 am) | Vekakkad (11.30 am) | Velliamattam (11.45 am) | Neeramthanam (12.00 pm) |
| 17-05-2025 Saturday | Pala Cathedral (09.00 am) | Kuruvinal (09.15 am) | Lalam New (09.30 am) | Mangalaram (9.45 am) |
| | Maniamkulam (10.00 am) | Kalathookadavu (10.15 am) | Chennadu (10.30 am) | Edamaruku (11.00 am) |
| | Chempilavu (11.15 am) | Kadaplamattom (11.30 am) | Kozhuvanal (11.45 am) | Kizhathadiyoor (12.00 pm) |
| 19-05-2025 Monday | Aruvithura (09.00 am) | Marangattupally (09.15 am) | Mattakkara (09.30 am) | Moozhoor (9.45 am) |
| | Poovakulam (10.00 am) | Koothattukulam (10.15 am) | Marangoly (10.30 am) | Periappuram (11.00 am) |
| | Piravom (11.15 am) | Vadakara (11.30 am) | Pala Town Chapel (11.45 am) | Mallikassery (12.00 pm) |
| 20-05-2025 Tuesday | Kochukottaram (09.00 am) | Kalikavu (09.15 am) | Koodalloor (09.30 am) | Palakkattumala (9.45 am) |
| | Retnagiri (10.00 am) | Alphonsa Shrine (10.15 am) | | |

# അന്നീദേ തിരുനാൾ

പ്രിയമുള്ളവരേ,

നമ്മുടെ സഭയുടെ ആരാധനക്രമപ്രകാരം 2025 ഫെബ്രുവരി 28-ാം തീയതി വെള്ളിയാഴ്ച സകല മരിച്ചവരുടെയും ഓർമയാചരിക്കുന്ന ദിവസമാണ്. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ചയാണ് ഈ അനുസ്മരണം നടത്തുന്നത്. പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ ഇതിനെ അന്നീദേ തിരുനാൾ എന്നു വിളിക്കുന്നു. അന്നീദ എന്ന വാക്കിന്റെ അർത്ഥം വേർപാട് അല്ലെങ്കിൽ അസാന്നിധ്യം എന്നാണ്. നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള വിശ്വാസത്തിൽ ജീവിച്ച് മരണംവഴി ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ നമ്മുടെ പൂർവികരും സഹോദരങ്ങളുമായ എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുവാൻ നമ്മെ ഓർമപ്പെടുത്തുന്ന ദിവസമാണിത്. ഈശോയുടെ പീഡാസഹനകുരിശുമരണങ്ങളെ അനുസ്മരിക്കുന്ന വലിയനോമ്പിനു തൊട്ടുമുമ്പുള്ള വെള്ളിയാഴ്ചത്തെ അനുസ്മരണം നോമ്പിന്റെ പ്രാർഥനകളും പരിത്യാഗപ്രവൃത്തികളും മൃതരായവർക്കുവേണ്ടികൂടി സമർപ്പിക്കണമെന്നും നമ്മെ ഓർമിപ്പിക്കുന്നു. ഫെബ്രുവരി 28-ാം തീയതി വെള്ളിയാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും അന്നീദേ തിരുനാൾ ആചരിക്കേണ്ടതാണ്. അന്നേദിവസം പള്ളിയിൽ പരിശുദ്ധ കുർബാനയും തുടർന്ന് സെമിത്തേരി സന്ദർശിച്ച് പ്രാർഥനാശുശ്രൂഷകളും നടത്തേണ്ടതാണ്.

ബിഷപ്സ് ഹൗസ് — **ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

22-02-2025 — പാലാ രൂപതയുടെ മെത്രാൻ

# അറിയിപ്പുകൾ

## ദൈവവിളിക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ, സന്ന്യാസിനീസന്ന്യാസിമാരേ,
വിശ്വാസപരിശീലകരേ,

S.S.L.C. , +2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവർക്കായി ഒരു ദൈവവിളിക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ നടത്തുന്ന വിവരം സ്നേഹപൂർവം അറിയിക്കട്ടെ. **2024 മാർച്ച് മാസം 31 -ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക്** ആരംഭിക്കുന്ന ഈ ക്യാമ്പ് **ഏപ്രിൽ 1-ാം തീയതി ചൊവ്വാഴ്ച** ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികരാകാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.

പൗരോഹിത്യജീവിതത്തിലേക്കു വിളിയുണ്ടെന്നു കരുതുന്നവരെയെല്ലാം ഈ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും അസ്തേന്തിയച്ചന്മാരും മാതാപിതാക്കളും വിശ്വാസപരിശീലകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവം,

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി — **ഫാ. ജേക്കബ് വടക്കേൽ**
കരൂർ, 28-02-2025 — ( റെക്ടർ)

NB: ബഹു. വികാരിയച്ചന്മാർ ദയവായി ഇക്കാര്യങ്ങൾ വി. കുർബാനമധ്യേ പള്ളിയിൽ അറിയിക്കണമേ.

---

## സംഭാവനശേഖരണം

1. മദ്യവിരുദ്ധഞായർ ആചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രത്തിൽ 2025 മേയ് 15 നു മുമ്പായി ഏല്പിക്കണം.

2. വിശപ്പിനും രോഗത്തിനുമെതിരേ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തിക്കിട്ടുന്ന തുക 2025 മേയ് 15 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കണം.

# അറിയിപ്പുകൾ

പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 2025-26 അധ്യയനവർഷംമുതൽ ഹൈസ്കൂളുകളിലും യു.പി. സ്കൂളുകളിലും ഹിന്ദി, സോഷ്യൽ സയൻസ്, മലയാളം, കണക്ക്, ആർട്ട്, മ്യൂസിക്, അധ്യാപകരുടെ അവധി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ, ഈ രൂപതയിൽപ്പെട്ട ഉദ്യോഗാർഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. (സോഷ്യൽ സയൻസ് വിഷയത്തിൽ കെ ടെറ്റ് 3/തത്തുല്യ യോഗ്യത ഉള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും).

35 വയസ്സിൽ താഴെയുള്ള ബി.എഡ്., കെ.ടെറ്റ്/തത്തുല്യ യോഗ്യത ഉൾപ്പെടെ പൂർണ്ണയോഗ്യതയുള്ളവർ 10-04-2025 വ്യാഴാഴ്ച 4 മണിക്ക് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം മാർച്ച് 3 തിങ്കളാഴ്ച മുതൽ പ്രവൃത്തിസമയങ്ങളിൽ (രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ) കോർപ്പറേറ്റ് ഓഫീസിൽനിന്ന് വാങ്ങാവുന്നതാണ്. 27-08-2021 ലെ പ്രധാന ലിസ്റ്റിൽ ഉള്ളവർ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല.

**ഫാ. ജോർജ് പുല്ലുകാലായിൽ**
കോർപ്പറേറ്റ് മാനേജർ
(ബൈ പവർ ഓഫ് അറ്റോർണി)

NB: ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ ഈ അറിയിപ്പു വായിക്കണമെന്ന് അപേക്ഷിക്കുന്നു.

---

## ADCP എക്സിക്യൂട്ടീവ് മീറ്റിംഗ്

മാർച്ച് 11 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് നടത്തപ്പെടുന്നു. കഴിഞ്ഞ മീറ്റിങ്ങിനുശേഷമുള്ള മെഡിക്കൽ ബില്ലുകൾ മാർച്ച് 09-ാം തീയതിക്കുമുമ്പായി ഓഫീസിൽ എത്തിക്കാൻ താത്പര്യപ്പെടുന്നു.

സ്നേഹപൂർവം,

ഫാ. ബർക്കുമൻസ് കുന്നുംപുറം.
സെക്രട്ടറി, ADCP.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ഏലിക്കുട്ടി, പിഴക് | 25,000.00 | |
| 2 | തോമസ് ജോസഫ്, പിഴക് | 15,480.00 | |
| 3 | കനകമ്മ, കാഞ്ഞിരമറ്റം | 31,111.00 | |
| 4 | ദേവസ്യാ, മേരിലാന്റ് | 50,000.00 | |
| 5 | ചാക്കോ വർക്കി, മണിയംകുളം | 32,503.00 | |
| 6 | ദീപ ജോസ്, കടനാട് | 33,538.00 | |
| 7 | ഷാജി തോമസ്, നരിയങ്ങാനം | 25,000.00 | |
| 8 | ലിനി ജോർജ്, കൂത്താട്ടുകുളം | 34,331.00 | |
| 9 | നോബി മാത്യു, കുറിഞ്ഞി | 22,000.00 | |
| 10 | ബിന്ദു സാജു, പാലാക്കാട് | 34,622.00 | |
| 11 | ജോയൽ അഗസ്റ്റിൻ, ചൂണ്ടച്ചേരി | | 1,345,000.00 |
| 12 | തെയ്യാമ്മ, അടിവാരം | | 250,000.00 |
| 13 | എൽസി, കുറവിലങ്ങാട് | | 96,962.00 |
| 14 | ജയിംസ്, കുറവിലങ്ങാട് | | 16,700.00 |
| 15 | മേരി, കുറവിലങ്ങാട് | | 70,000.00 |
| 16 | ജോസ്, കുറവിലങ്ങാട് | | 50,000.00 |
| 17 | രമ്യാ രാജപ്പൻ, കുറവിലങ്ങാട് | | 30,400.00 |
| 18 | ചാക്കോ, കുറവിലങ്ങാട് | | 36,200.00 |
| 19 | ബിജു, കുറവിലങ്ങാട് | | 26,000.00 |
| 20 | സെബാസ്റ്റ്യൻ, കുറവിലങ്ങാട് | | 20,200.00 |
| 21 | ജയ്സൺ, കുറവിലങ്ങാട് | | 50,000.00 |
| 22 | ലില്ലി, കുറവിലങ്ങാട് | | 30,000.00 |
| 23 | സംലാമ, കുറവിലങ്ങാട് | | 49,972.00 |
| 24 | അന്നക്കുട്ടി, കുറവിലങ്ങാട് | | 13,770.00 |
| 25 | മത്തായി, കുറവിലങ്ങാട് | | 20,820.00 |
| 26 | ദേവസ്യാ, കുറവിലങ്ങാട് | | 40,000.00 |
| 27 | മനോജ്, കുറവിലങ്ങാട് | | 25,000.00 |
| 28 | ടോമി, കുറവിലങ്ങാട് | | 25,000.00 |
| 29 | ജോയി, കുറവിലങ്ങാട് | | 50,000.00 |
| 30 | ലിയോച്ചൻ, കുറവിലങ്ങാട് | | 50,000.00 |
| 31 | ബൈജു, കുറവിലങ്ങാട് | | 50,000.00 |

| സാമ്പത്തികസഹായം നൽകിയവർ | | |
|---|---|---|
| 1. | യു.എ.ഇ. പ്രവാസികൾ | 6,00,000.00 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്കു 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിക്ക് ഊർജസംരക്ഷണത്തിൽ ഒന്നാംസ്ഥാന പുരസ്കാരം ലഭിച്ചു.**

കേരള സംസ്ഥാന ഊർജവകുപ്പിനുകീഴിലുള്ള സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജസംരക്ഷണപുരസ്കാരങ്ങളിൽ ബിൽഡിംഗ് വിഭാഗത്തിൽ ഒന്നാം സ്ഥാനം മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ വൈദ്യുതിവകുപ്പുമന്ത്രി കെ. കൃഷ്ണൻകുട്ടിയിൽനിന്ന് മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റൽ ഓപ്പറേഷൻസ് ആൻഡ് പ്രോജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഗോപിനാഥ് മാമ്പള്ളിക്കളം എന്നിവർ ചേർന്നു പുരസ്കാരവും, ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ഏറ്റുവാങ്ങി. ഏറ്റവും ഫലപ്രദമായ രീതിയിൽ ഊർജസംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നതിന് കെട്ടിടങ്ങളുടെ വിഭാഗത്തിലാണ് മാർ സ്ലീവാ മെഡിസിറ്റിക്കു പുരസ്കാരം ലഭിച്ചത്. സംസ്ഥാനത്ത് ഉടനീളമുള്ള ഒട്ടേറെ

ആരോഗ്യസ്ഥാപനങ്ങളെയും വൻകിടകെട്ടിടങ്ങളെയും ഉൾപ്പെടെ അവാർഡിനു പരിഗണിച്ചതിൽനിന്നും മാർ സ്ലീവാ മെഡിസിറ്റിക്ക് ഒന്നാം സ്ഥാനം ലഭിച്ചത് ആശുപത്രിയുടെ മികവ് വ്യക്തമാക്കുന്നു. മികച്ച പരിസ്ഥിതി, ഊർജ, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ വർഷത്തെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒന്നാം സ്ഥാനവും മാർ സ്ലീവാ മെഡിസിറ്റിക്ക് ലഭിച്ചിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കാൻസർ ദിനാചരണം നടത്തി**

ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ കാൻ ഹെൽപ് പദ്ധതി പ്രകാരം രോഗം അതിജീവിച്ചവരുടെയും രോഗികളുടെയും സംഗമം നടത്തി. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഓങ്കോളജി വിഭാഗം ഹെഡും സീനിയർ കൺസൾട്ടന്റുമായ ഡോ. റോണി ബെൻസൺ ഓങ്കോളജി വകുപ്പിന്റെ പ്രവർത്തനം വിശദീകരിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു എന്നിവർ പ്രസംഗിച്ചു. അഭിജിത്ത് ഷാജി, ജോൺ പ്രകാശ് എന്നിവർ ഗാനങ്ങളാലപിച്ചു.

**കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ പാലാ രൂപത മീറ്റ് നടന്നു**

കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ പാലാ രൂപത മീറ്റ് - 2025 ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ നടന്നു. പാലാ രൂപത വികാരി ജനറാളും മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടറുമായ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി പ്രഫസർ ഫാ. ഡോമിനിക് വെച്ചൂർ മുഖ്യപ്രഭാഷണം നടത്തി. മാർ സ്ലീവാ മെഡിസിറ്റി ഡപ്യൂട്ടി ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. സിസ്റ്റർ അൽഫോൻസ എസ്.എ.ബി.എസ്., മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റൽ നഴ്സിംഗ് ഇൻ ചാർജ് റോണി ജോഷി എന്നിവർ പ്രസംഗിച്ചു. മാർ സ്ലീവാ മെഡിസിറ്റി നഴ്സിംഗ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, രൂപതയിലെ വിവിധ ഹോസ്പിറ്റലിൽ നിന്നുള്ള നഴ്സുമാർ തുടങ്ങിയവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ റിപ്പബ്ലിക് ദിനാഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ റിപ്പബ്ലിക് ദിനാഘോഷം വിപുലമായ പരിപാടികളോടെ നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലിന്റെ സാന്നിധ്യത്തിൽ ചേർപ്പുങ്കൽ ബിഷപ് വയലിൽ മെമ്മോറിയൽ ഹോളിക്രോസ് കോളജ് പ്രിൻസിപ്പൽ റവ.ഫാ.ഡോ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴിയിൽ പതാക ഉയർത്തുകയും സന്ദേശം നൽകുകയും ചെയ്തു. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ, സേഫ്റ്റി ആൻഡ് സെക്യൂരിറ്റി മാനേജർ

ഷാജിമോൻ കെ.ആർ. എന്നിവർ പ്രസംഗിച്ചു. സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ പരേഡ്, അവാർഡ് ദാനം, മധുരവിതരണം എന്നിവയും നടന്നു.

**മാർ സ്ലീവാ മെഡിസിറ്റിക്ക് ഹരിതകേരളം മിഷന്റെ എ പ്ലസ് ഗ്രേഡ് ഹരിതസ്ഥാപനസാക്ഷ്യപത്രം ലഭിച്ചു**

പരിസ്ഥിതിപരിപാലനരംഗത്ത് മാതൃകപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന മാർ സ്ലീവാ മെഡിസിറ്റിക്ക് സർക്കാരിന്റെ ഹരിതകേരളം മിഷന്റെ എ പ്ലസ് ഗ്രേഡ് ഹരിതസ്ഥാപനസാക്ഷ്യപത്രം ലഭിച്ചു. ഹരിത പെരുമാറ്റച്ചട്ട ങ്ങൾ പാലിച്ചുകൊണ്ട് ശുചിത്വ – മാലിന്യസംസ്കരണം, ജലസുരക്ഷ, ഊർജ സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ടു മാതൃകപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ അടിസ്ഥാന ത്തിലാണ് സാക്ഷ്യപത്രം ലഭിച്ചത്.

**ഓസ്ട്രേലിയൻ മന്ത്രി ജിൻസൺ ആന്റോ ചാൾസിന് മാർ സ്ലീവാ മെഡിസിറ്റിയിൽ സ്വീകരണം നൽകി**

ഓസ്ട്രേലിയായിലെ നോർത്തേൺ ടെറിറ്ററി ഗവൺമെന്റിൽ മന്ത്രിയായ ജിൻസൺ ആന്റോ ചാൾസിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ആദരവ് നൽകി. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ജിൻസൺ ആന്റോ ചാൾസിനെ പൊന്നാടയണിയിച്ചും മൊമന്റോ നൽകിയും ബിഷപ് ആദരിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, നഴ്സിംഗ് വിഭാഗം ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ എന്നിവർ പ്രസംഗിച്ചു.

**സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹിക പദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ മാതൃവേദിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളി, കൂടല്ലൂർ സെന്റ് ജോസഫ് പള്ളി, തീക്കോയി സെന്റ് മേരീസ് ഫൊറോന പള്ളി എന്നിവിടങ്ങളിലാണ് ക്യാമ്പു കൾ നടന്നത്. ക്യാമ്പിൽനിന്നു തിരഞ്ഞെടുത്തവർക്ക് മാർ സ്ലീവാ മെഡിസിറ്റി യിൽ വച്ച് സൗജന്യ മാമ്മോഗ്രാം പരിശോധനയും ചെയ്തു. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സോൻസ് പോൾ, ഡോ. രവിശങ്കർ ടി.ആർ. എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ പക്ഷാഘാതബോധവത്കരണക്ലാസ്സുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോട് അനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹിക

പദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ പിതൃവേദിയുമായി സഹകരിച്ച് സൗജന്യ പക്ഷാഘാതബോധവത്കരണക്ലാസ്സുകൾ നടത്തി. ളാലം സെന്റ്. ജോർജ് പള്ളിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി. ജെ. വള്ളിപ്പാലം, കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളിയിൽ ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സരീഷ് കുമാർ എം.കെ. പെരിങ്ങുളം സേക്രഡ് ഹാർട്ട് പള്ളിയിൽ ഇന്റർവെൻഷണൽ ന്യൂറോ റേഡിയോളജിവിഭാഗം കൺസൾട്ടന്റ് ഡോ. ജോസ്പോൾ ലൂക്കാസ് എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ കാർഡിയോളജി മെഡിക്കൽ ക്യാമ്പ് – മേലുകാവുമറ്റത്ത്**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി – മാർ സ്ലീവാ മെഡിസിറ്റി പാലായുടെ അഞ്ചാം വാർഷികം എന്നിവയുടെ ഭാഗമായുള്ള മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയോട് അനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്റർ മേലുകാവുമറ്റത്ത് വച്ച് സൗജന്യ കാർഡിയോളജി മെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.രാജു ജോർജ് നേതൃത്വം നൽകി.

**സൗജന്യ ബി.എൽ.എസ്. പരിശീലനപരിപാടികൾ – മേലുകാവുമറ്റത്ത്**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി – മാർ സ്ലീവാ മെഡിസിറ്റി പാലായുടെ അഞ്ചാം വാർഷികം എന്നിവയുടെ ഭാഗമായുള്ള മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയോട് അനുബന്ധിച്ച് മേലുകാവുമറ്റം സെന്റ് തോമസ് യു.പി. സ്കൂൾ, മേലുകാവ് ഹെൻറി ബേക്കർ കോളജ് എന്നിവിടങ്ങളിൽ സൗജന്യ ബി.എൽ.എസ്. പരിശീലനപരിപാടികൾ നടത്തി. മാർ സ്ലീവാ മെഡിസിറ്റി നഴ്സിംഗ് എജ്യൂക്കേറ്റർ നീതു ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സി.ആർ.ആർ.ടി. യൂണിറ്റിന്റെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ കണ്ടിന്യൂവസ് റീനൽ റീപ്ലേസ്മെന്റ് തെറാപ്പി (സി.ആർ.ആർ.ടി.) യൂണിറ്റിന്റെ ആശീർവാദം നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ മുഖ്യകാർമികത്വം വഹിച്ചു.

**മൊബൈൽ ചാർജിംഗ് സ്റ്റേഷന്റെ ആശീർവാദം നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിൽ എമർജൻസി വിഭാഗത്തിനോട് അനുബന്ധിച്ചു ആരംഭിച്ച മൊബൈൽ ചാർജിംഗ് സ്റ്റേഷന്റെ ആശീർവാദം നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ മുഖ്യകാർമികത്വം വഹിച്ചു.

**വൈദ്യസഹായം നൽകി**

കല്ലറ ടൗൺ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന അഖിലകേരള വോളിബോൾ ടൂർണമെന്റിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ഒരുക്കി.

**സൗജന്യ രക്തദാനക്യാമ്പ് – ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജിയുമായി സഹകരിച്ച് സൗജന്യരക്തദാനക്യാമ്പ് നടത്തി.

**സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് – കുന്നന്താനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുന്നന്താനം വൈ.എം. സി.എ. യുമായി സഹകരിച്ച് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് കുന്നന്താനം വൈ.എം.സി.എ.യിൽ നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

**സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് – മാഞ്ഞൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാഞ്ഞൂർ പഞ്ചായത്ത്, ഓമല്ലൂർ വീ – കാൻ സർവീസ് ആൻഡ് ചാരിറ്റബിൾ ഫൗണ്ടേഷൻ എന്നിവയുമായി സഹകരിച്ച് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് മാഞ്ഞൂർ പഞ്ചായത്ത് ഹാളിൽ നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പ് – മണർകാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മണർകാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ്. യൂണിറ്റുമായി സഹകരിച്ച് നാച്ചുറോപ്പതി ബോധവത്ക്കരണ ക്ലാസും മെഡിക്കൽ ക്യാമ്പും നടത്തി. നാച്ചുറോപ്പതി വിഭാഗം കൺസൾട്ടന്റ് ഡോ. വിഷ്ണു മോഹൻ നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ഡോക്ടർമാർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. ജോസ് കുര്യൻ ജേക്കബ്, ന്യൂറോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ.ജെമിനി ജോർജ്, ഒഫ്താൽമോളജിസ്റ്റായി ഡോ. ഐശ്വര്യ ആൻ ജോസ്, എമർജൻസി ഫിസിഷ്യനായി ഡോ. നിതിൻ സ്കറിയ എന്നിവർ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ

ബിഷപ് ഡോൺ ജാൻലൂക്കാ (മിലാൻ രൂപത)
മാർ ജേക്കബ് അങ്ങാടിയാത്ത് (ചിക്കാഗോ രൂപത മുൻമെത്രാൻ)
മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൻ)
മാർ സ്റ്റീഫൻ ലെപ്ച്ചാ (ഡാർജിലിങ് രൂപത)

**യാത്രയയപ്പു നൽകി**

കഴിഞ്ഞ ഏഴു വർഷക്കാലം വിശുദ്ധ അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ സ്പിരിചൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചശേഷം ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാപള്ളി സീനിയർ അസിസ്റ്റന്റ് വികാരിയായും ചേർപ്പുങ്കൽ B V M കോളേജ് ബർസാർ ആയും സ്ഥലം മാറിപ്പോകുന്ന ബഹു. ഫാ. മാർട്ടിൻ കല്ലറയ്ക്കൽ അച്ചന് തീർഥാടനകേന്ദ്രത്തിൽ സമുചിതമായ യാത്രയയപ്പ് നൽകി. ഇതുവരെ അച്ചൻ ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ ഓർക്കുകയും അച്ചന്റെ പുതിയ ശുശ്രൂഷാമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

പ്രസ്തുത യോഗത്തിൽ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽനിന്നു സ്ഥലം മാറിപ്പോകുന്ന അസിസ്റ്റന്റ് വികാരിമാരായ ഫാ. കുര്യാക്കോസ് വടക്കേത്തകിടിയേൽ, ഫാ. തോമസ് വാഴയിൽ എന്നിവർക്കും യാത്രാമംഗളങ്ങൾ നേരുകയുണ്ടായി. യോഗത്തിൽ പാലാ രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ഡോ. ജോസഫ് തടത്തിൽ, ചാൻസലർ വെരി റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ, തീർഥാടനകേന്ദ്രം റെക്ടർ വെരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫാ. കുര്യാക്കോസ് വടക്കേത്തകിടിയേൽ കിഴപറയാർ സെന്റ് ഗ്രിഗോറിയോസ് പള്ളിവികാരിയായും, ഫാ. തോമസ് വാഴയിൽ തീക്കോയി സെന്റ് മേരീസ്പള്ളി അസിസ്റ്റന്റ് വികാരിയായുമാണ് ചുമതലയേൽക്കുന്നത്. പുതിയ ശുശ്രൂഷാമേഖലയിലേക്കു പ്രവേശിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് എല്ലാവിധ ദൈവാനുഗ്രഹവും യാത്രാമംഗളങ്ങളും നേരുന്നു.

**ഹൃദ്യമായ സ്വാഗതം**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിലേക്കു പുതിയതായി രണ്ടു വൈദികർകൂടി എത്തിച്ചേർന്നു. വൈസ് റെക്ടറായി ഫാ. ജോസഫ് അമ്പാട്ടും, സ്പിരിചൽ ഡയറക്ടറായി റവ. ഫാ. കുരുവിള തുടിയൻപ്ലാക്കലുമാണ് പുതിയതായി ചുമതലയേറ്റത്. ബഹുമാനപ്പെട്ട വൈദികർക്ക് തീർഥാടനകേന്ദ്രത്തിലേക്കു ഹൃദ്യമായ സ്വാഗതം.

**മിലാനിൽനിന്ന് തീർത്ഥാടകസംഘം**

മിലാൻ രൂപതയുടെ മെത്രാൻ ബിഷപ് ഡോൺ ജാൻ ലൂക്കായുടെ നേതൃത്വത്തിൽ ഒരുസംഘം തീർഥാടകർ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. ഫെബ്രുവരി 1 ശനിയാഴ്ച വൈകിട്ട് എത്തിയ സംഘം അന്നത്തെ മെഴുകുതിരി ജപമാല പ്രദക്ഷിണത്തിലും സംബന്ധിച്ചു. ബിഷപ് ഡോൺ ജാൻലൂക്കാ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുശേഷിപ്പും വഹിച്ചുകൊണ്ട് ജപമാല പ്രദക്ഷിണത്തിനു നേതൃത്വം നൽകി.

**പരീക്ഷാ ഒരുക്കപ്രാർഥന**

വിശുദ്ധ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതിന്റെ 39-ാം വാർഷികദിനമായ ഫെബ്രുവരി 8-ാം തീയതി തീർത്ഥാടനകേന്ദ്രത്തിൽ വിദ്യാർഥികൾക്കുവേണ്ടി പരീക്ഷ ഒരുക്കപ്രാർഥനയും ജപമാല മെഴുകുതിരി പ്രദക്ഷിണവും നടത്തി. രാവിലെ 9 .30 ന് ആരംഭിച്ച ശുശ്രൂഷയിൽ ദിവ്യകാരുണ്യ ആരാധനയും അതേത്തുടർന്ന് കൈവയ്പുശുശ്രൂഷയും പഠനോപകരണങ്ങളുടെ വെഞ്ചരിപ്പും നടത്തി. 11.30 ന് വിശുദ്ധ കുർബാന യോടെ പ്രാർഥനാശുശ്രൂഷകൾ സമാപിച്ചു. പ്രാർഥനാശുശ്രൂഷകൾക്ക് റവ.ഫാ. ജോസഫ് അരിമറ്റത്തിൽ നേതൃത്വം നൽകി.

**രോഗീദിനം**

ഫെബ്രുവരി 11 ചൊവ്വാഴ്ച തീർഥാടനകേന്ദ്രം രോഗീദിനമായി ആചരിച്ചു, രാവിലെ 9. 30 ന് ജപമാലപ്രാർഥനയോടെ ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് സൗഖ്യാരാധനയും കൈവയ്പുശുശ്രൂഷയും നടത്തി.

രോഗികൾക്കു കുമ്പസാരിക്കാനുള്ള പ്രത്യേക സൗകര്യവും ഒരുക്കി യിരുന്നു. 11:30 ന് വിശുദ്ധ കുർബാനയോടെ ശുശ്രൂഷകൾ സമാപിച്ചു. പാദുവാ പ്പള്ളി വികാരി റവ. ഫാ. തോമസ് ഓലായത്തിൽ സൗഖ്യാരാധനയ്ക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**വിദേശതീർഥാടകരുടെ സന്ദർശനം**

ഫെബ്രുവരി മാസത്തിൽ നിരവധി തീർഥാടകസംഘങ്ങൾ വി. അൽഫോൻ സാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർഥിച്ചു. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ വിവിധ ദിവസങ്ങളിലായി വിശുദ്ധ കുർബാനകളും അർപ്പി ക്കപ്പെട്ടു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾ ക്കുവേണ്ടി 2025 ഫെബ്രുവരി 1 ഞായറാഴ്ച ഉച്ചയ്ക്ക് ഒരുമണിക്ക് കുമ്പ സാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

വി. അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതിന്റെ 39-ാം വാർഷികത്തോടനുബന്ധിച്ച് എഫ്സിസി ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 14 ശനിയാഴ്ച അൽഫോൻസാതീർഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു. വൈകിട്ട് ഏഴു മണിക്ക് ആരംഭിച്ച ആരാധന രാവിലെ 4 മണിയുടെ വിശുദ്ധ കുർബാനയോടെ സമാപിച്ചു.

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22 ന് രാത്രി ആരാധന നടത്തപ്പെട്ടു. വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച രാത്രിയാരാധന ഞായറാഴ്ച രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. റവ.ഫാ. സിബി OCD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫെബ്രുവരിമാസത്തിൽ ജപമാല പ്രദക്ഷിണത്തിനു നേതൃത്വം നൽകിയവർ**

ഫെബ്രുവരി 1- കുന്നോന്നി
ഫെബ്രുവരി 8- നീറന്താനം
ഫെബ്രുവരി15- പൂവക്കുളം
ഫെബ്രുവരി 23- വാഗമണ്ണ്

**മാർച്ചുമാസത്തിൽ ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകുന്നവർ**

മാർച്ച് 8 കുറിഞ്ഞി
മാർച്ച് 15 ശാന്തിഗിരി

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2024-25**

2024-25 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഫെബ്രുവരി മാസത്തെ ക്ലാസുകൾ 8, 26 തീയതികളിൽ നടന്നു. പ്രൊഫ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

2025 മാർച്ച് മാസത്തെ ക്ലാസുകൾ : മാർച്ച് 8, 31

Church History II : Prof. Anil Manuel

**2. അധ്യാപകസംഗമം**

രണ്ടാം ക്ലാസ്സിലെ അധ്യാപകരുടെ സംഗമവും പുസ്തകപരിചയവും 2025 ഫെബ്രുവരി 23-ാം തീയതി മാതൃഭവനിൽവച്ച് നടന്നു. Sr. ആൽഫി തോപ്പിൽ S.H. ക്ലാസ് നയിച്ചു.

**3. വിചിന്തനം സെമിനാർ**

ഈ വർഷം (2024- 2025) IX-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി രൂപതാതലത്തിൽ വിചിന്തനം സെമിനാർ ഏപ്രിൽ-മെയ് മാസങ്ങളിൽ 14 ബാച്ചുകളിലായി ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**തീയതികൾ- ഏപ്രിൽ : 21, 22, 23, 24, 25, 26, 28, 29, 30. മെയ് : 2,3,5,6,7**

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. വി. സെബസ്ത്യാനോസിന്റെ തിരുനാൾ**

**A. ബറൂച്ച്** : സെന്റ് തോമസ് ഇടവകയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ സമുചിതമായി ആചരിച്ചു. തിരുനാൾ ആചരണത്തിന്റെ ഭാഗമായി ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും കഴുന്ന് എഴുന്നള്ളിച്ചു കൊണ്ടുപോവുകയും പ്രാർഥിക്കുകയും ചെയ്തു.

**B. വാപ്പി** : വി. ജോൺ പോൾ രണ്ടാമൻ ഇടവകയിൽ ഇടവകമധ്യസ്ഥനായ വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ സംയുക്തമായി ആചരിച്ചു.

**2. റീജണൽ പാസ്റ്ററൽ കൗൺസിൽ**

ഫെബ്രുവരി 15 ന് മനേജായിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ റീജണൽ പാസ്റ്ററൽ കൗൺസിൽ നടത്തപ്പെട്ടു. റീജണിലെ എല്ലാ വൈദികരും റീജണൽ പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സും അതിൽ പങ്കെടുത്തു.

**3. ജൂബിലിവർഷ തീർഥാടനകേന്ദ്രപ്രഖ്യാപനം**

2025 ജൂബിലിവർഷത്തെ റീജണിലെ തീർഥാടനകേന്ദ്രമായി മനേജായിലെ വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള ദൈവാലയത്തെ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ഫെബ്രുവരി 16 ന് പ്രഖ്യാപിച്ചു.

**4. യാത്രയയപ്പ്**

ആറുവർഷത്തെ സേവനത്തിനുശേഷം ഗുജറാത്ത് സെന്റ് തോമസ് സബർമതി മിഷനിൽനിന്ന് മണിയംകുളം ഇടവകയിലേക്കു സ്ഥലം മാറിപ്പോകുന്ന പോൾ പാറപ്ലാക്കലച്ചന് യാത്രയയപ്പു നൽകി.

**5. ആഘോഷപൂർവകമായ ദിവ്യകാരുണ്യസ്വീകരണം**

മണിനഗർ, സോളാ, വഡോദര ഇടവകകളിൽ ആഘോഷപൂർവകമായ ദിവ്യകാരുണ്യസ്വീകരണം നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് മുഖ്യകാർമികത്വം വഹിച്ചു.

**6. ബൈബിൾ കലോത്സവം**

ബൈബിൾ കലോത്സവത്തിൽ വിജയികളായവർക്ക് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് സമ്മാനങ്ങൾ നൽകി.

# മിഷൻലീഗ് വാർത്തകൾ

**രൂപത സെക്രട്ടറിയേറ്റ് യോഗം**

ചെറുപുഷ്പമിഷൻലീഗ് രൂപതയുടെ 2025 ഫെബ്രുവരിമാസത്തെ സെക്രട്ടറിയേറ്റ് യോഗം ഫെബ്രുവരി 1 ശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി യോഗത്തിൽ അധ്യക്ഷത വഹിച്ചു. യോഗത്തിൽ എക്സിക്യൂട്ടീവിൽ ചർച്ച ചെയ്യേണ്ട അജണ്ടകളെ സംബന്ധിച്ച് തീരുമാനമെടുത്ത.

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ 2025 ഫെബ്രുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ 3.30 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു ചേർന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻ ലീഗിന്റെ ജനുവരിമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഫെബ്രുവരിമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചു വിശദീകരിക്കുകയും ചെയ്തു.

**രൂപതാതിരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2025-2028 കാലയളവിലെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്നു. തിരഞ്ഞെടുപ്പിനുള്ള വോട്ടേഴ്സ് ലിസ്റ്റ് രൂപത എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കി.

**ശ്രമദാനം**

മാതൃഭവൻ പുനരുദ്ധാരണത്തോടനുബന്ധിച്ച് മിഷൻലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ശ്രമദാനം നടത്തി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

ഫെബ്രുവരി 26 -ാം തീയതി എറണാകുളം പി. ഒ. സിയിൽ വച്ച് സെൻട്രൽ കൗൺസിൽ മീറ്റിംഗ് (സി. സി. മീറ്റിംഗ്) നടന്നു. അന്നേ ദിവസം സ്റ്റേറ്റ് എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും നടന്നു. പാലാ രൂപതയിൽ നിന്നും പ്രസിഡന്റ് ജിജോ മാത്യു എക്സിക്യൂട്ടീവ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

സി. സി. മീറ്റിംഗിൽ പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു. രാവിലെ 10.00 മണിമുതൽ ഉച്ചകഴിഞ്ഞ് 3.00 മണിവരെയായിരുന്നു മീറ്റിംഗ്.

**കെ.സി.എസ്.എൽ ക്യാമ്പ്**

ഈ വർഷത്തെ അവധിക്കാല ക്യാമ്പ് എച്ച്. എസ്. എസ്, എച്ച്. എസ് വിഭാഗങ്ങൾക്കായി മെയ് മാസം 12,13 തീയതികളിലും യു. പി വിഭാഗത്തിനായി മെയ് മാസം 20,21 തീയതികളിലുമായി നടത്തുന്നതിന് തീരുമാനിച്ചു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**കെ.സി.വൈ.എം. സംസ്ഥാന സെനറ്റ്**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 47–ാമത് വാർഷിക സെനറ്റ് സമ്മേളനത്തിൽ SMYM - KCYM പാലാ രൂപത പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**മറുപടി (ഓൺലൈൻ ബുള്ളറ്റിൻ) പ്രകാശനം**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2025 പ്രവർത്തനവർഷത്തിലെ രൂപതയുടെയും ഫൊറോനകളുടെയും മാസറിപ്പോർട്ട് ഓൺലൈൻ ബുള്ളറ്റിൻ – മറുപടി; സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാനും, പാലക്കാട് രൂപത മെത്രാനുമായ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പ്രകാശനം ചെയ്തു.

**ആദരാഞ്ജലികൾ**

SMYM- KCYM പാലാ രൂപതയുടെ മുൻ രൂപതാ ഡയറക്ടർ പ്രിയപ്പെട്ട ജേക്കബ് വെള്ളമരുതങ്കലച്ചന്റെ വന്ദ്യപിതാവിന്റെ നിര്യാണത്തിൽ രൂപതാ സമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

**സന്ദർശിച്ചു**

എസ്.എം.വൈ.എം. – കെ.സി.വൈ.എം പാലാ രൂപത പ്രതിനിധികൾ, പരിശുദ്ധ കുർബാനയ്ക്ക് ഇടയിൽ ആക്രമിക്കപ്പെട്ട ഫാ. ജോൺ തോട്ടുപുറത്തെ മുട്ടുചിറ ആശുപത്രിയിൽ എത്തി സന്ദർശിച്ചു.

**ന്യൂനപക്ഷ സ്കോളർഷിപ്പ് വിവാദം : പ്രതിഷേധവും പുനഃസ്ഥാപിക്കലും**

ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിയ സർക്കാർ നിലപാടിൽ എസ്.എം. വൈ.എം.–കെ.സി.വൈ.എം. പാലാ രൂപത പ്രതിഷേധിച്ചു. പാവപ്പെട്ട ക്രൈസ്തവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും കിട്ടാതിരിക്കാനുള്ള പല ശ്രമങ്ങളിൽ ഒരു ശ്രമമാണിത്. കോടികണക്കിനു രൂപ വകുപ്പ് ചെലവഴിച്ച സമയങ്ങളിൽ 80:20 (മുസ്ലിം : മറ്റ് മതന്യൂനപക്ഷങ്ങൾ) എന്ന അനുപാതത്തിൽ ഈ തുക വിനിയോഗിച്ചു. അത് ചോദ്യം ചെയ്തു തുടങ്ങിയപ്പോൾമുതൽ തുക കുറച്ചു. ഭരണഘടനയുടെ കടുത്ത ലംഘനമാണ് ക്രൈസ്തവർ നേരിട്ട

തെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ വിധിക്കു പിന്നാലെ, സർക്കാരിന് ജനസംഖ്യാനുപാതികമായി നൽകേണ്ടിവന്നതോടെ തുക 50 ശതമാനം ആക്കി കുറച്ചു. ഭീകരമായ വിവേചനരാഷ്ട്രീയത്തിലൂടെയാണ് കേരളത്തിലെ ക്രൈസ്തവർ കടന്നുപോകുന്നത്. ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിയ സർക്കാർ നിലപാട് തികച്ചും പ്രതിഷേധാർഹമാണെന്ന് യോഗം വിലയിരുത്തി.

വിവിധ പ്രതിഷേധങ്ങളുടെയും സമ്മർദങ്ങളുടെയും അനന്തരഫലമായി ന്യൂനപക്ഷ സ്കോളർഷിപ്പുകൾ സർക്കാർ പുനഃസ്ഥാപിക്കുകയും ചെയ്തു. സർക്കാരിന്റെ ഈ നടപടിയെ യോഗം സ്വാഗതം ചെയ്തു

**മൂന്നുനോമ്പ് ആചരണം**

എസ്.എം.വൈ.എം.- കെ.സി.വൈ.എം. പാലാ രൂപതയുടെ ആഹ്വാന പ്രകാരം ഫൊറോനകളിലും യൂണിറ്റുകളിലും മൂന്നുനോമ്പ് ആചരണം നടത്തി. നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ ഏറ്റവും ചിട്ടയോടും കാർക്കശ്യത്തോടുംകൂടി ആചരിക്കുന്ന ഒരു നോമ്പാണ് നിനവേ നോമ്പ് അഥവാ മൂന്നു നോമ്പ്. 2025 ഫെബ്രുവരി മാസം 10, 11, 12 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിലാണ് മൂന്നു നോമ്പ് നടത്തപ്പെട്ടത്. എല്ലാ യുവതീയുവാക്കളും നോമ്പ് അനുഷ്ഠിക്കുവാനും വിശുദ്ധിയിൽ നിലനിൽക്കുവാനും രൂപതാസമിതി ആഹ്വാനം ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ, നോമ്പിന്റെ ഒരു ദിനമെങ്കിലും യുവജനങ്ങൾ ഒത്തുചേരുകയും റംശാ ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

**'വർത്തമാനം' – ഫൊറോനാസന്ദർശനങ്ങൾ**

എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപതയുടെ ഫൊറോന സന്ദർശനങ്ങൾക്ക് ('വർത്തമാനം') തുടക്കം കുറിച്ചു. വിവിധ ദിനങ്ങളിലായി ഇലഞ്ഞി, കോതനല്ലൂർ, രാമപുരം, തുടങ്ങനാട് എന്നീ ഫൊറോനകൾ സന്ദർശിച്ചു.

**ഐക്യദാർഢ്യം**

പാലാ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയെ അപമാനപ്പെടുത്തുവാനുള്ള ചിലരുടെ ഗൂഢലക്ഷ്യങ്ങളിൽ എസ്.എം.വൈ. എം. – കെ. സി. വൈ. എം പാലാ രൂപത പ്രതിഷേധിക്കുകയും, ആശുപത്രിക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. എത്രകണ്ട് താഴ്ത്തിക്കെട്ടാൻ ശ്രമിച്ചാലും അതിന് എത്രയൊക്കെ സ്പോൺസർഷിപ്പ് ആരുടെയൊക്കെ കൈകളിൽ നിന്നു ലഭിച്ചാലും മാർ സ്ലീവാ മെഡിസിറ്റി ഇതുവരെയും ആരോഗ്യരംഗത്ത് ചെയ്ത സേവനങ്ങൾമാത്രം മതി പൊതുജനത്തിന് വിലയിരുത്താൻ എന്ന് യോഗം അഭിപ്രായപ്പെട്ടു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**പോൾ കോഴ്സ്**

2025 ഫെബ്രുവരി 2 നു ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽവച്ച് ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സിന്റെ ഭാഗമായ പോൾ കോഴ്സ് നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാവരെയും ആഴമായ ദൈവാനുഭവത്തിലേക്കു നയിക്കാൻ സഹായകരമായിരുന്നു.

**പരീക്ഷ ഒരുക്ക ആരാധന**

അരുവിത്തുറയിലെ കുട്ടികൾക്കും യുവജനങ്ങൾക്കുമായി പരീക്ഷ ഒരുക്ക ക്ലാസും ആരാധനയും ഫെബ്രുവരി 10 നു നടത്തപ്പെട്ടു. ജീസസ് യൂത്ത് മുന്നേറ്റത്തിൽ ആദ്യകാലംമുതൽ പ്രവർത്തിക്കുന്ന റോയ് ആണ് ക്ലാസുകൾ നയിച്ചത്.

**ആരാധന**

എല്ലാ മാസവും ആദ്യ തിങ്കളാഴ്ചയും മൂന്നാം തിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തിവരുന്നു.

**നൈറ്റ് വിജിൽ**

2025 ഫെബ്രുവരി 7 ആദ്യ വെള്ളിയാഴ്ച പാലാ ളാലം പുത്തൻ പള്ളിയിൽ വച്ച് വൈകുന്നേരം 7.30 മുതൽ ഫെബ്രുവരി 8 രാവിലെ 6 മണി വരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്ന് പ്രാർഥിച്ചു.

**മധ്യസ്ഥപ്രാർഥന**

എല്ലാ ദിവസവും വൈകുന്നേരം 8.30ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി അരമണിക്കൂർ പ്രാർഥിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**Aviv - Second Saturday Gathering**

പാലാ സോണിലെ ടീൻസ് ക്യാമ്പസ് കുട്ടികൾക്കായി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് AVIV എന്ന പ്രോഗ്രാം 2025 ഫെബ്രുവരി 9-ാം തീയതി നടത്തപ്പെട്ടു.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും ടീനേജ് കുട്ടികളുടെ ദൈവാനുഭവം പങ്കുവെക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ഹൗസ്ഹോൾഡ്**

2025 ഫെബ്രുവരി 2, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരീഷ് ഹാളിൽവച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. ഇരുപതോളം ആളുകൾ പങ്കെടുത്തു.

**കേരള അസംബ്ലി**

2025-27 വർഷത്തേക്കുള്ള ജീസസ് യൂത്ത് കേരള കൗൺസിലിനെ തിരഞ്ഞെടുക്കുവാൻ ഫെബ്രുവരി 7 മുതൽ 9 വരെ തീയതികളിലായി കേരള അസംബ്ലി നടത്തപ്പെടുകയും പുതിയ നേതൃത്വം നിലവിൽ വരികയും ചെയ്തു. പാലാ സോണിനെ പ്രതിനിധീകരിച്ച് ആറ് ജീസസ് യൂത്ത് അംഗങ്ങൾ അസംബ്ലിയിൽ പങ്കെടുത്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 31/01/2025 കുടുംബക്കൂട്ടായ്മയുടെ 2023 -2024 പ്രവർത്തനവർഷത്തിൽ "C' വിഭാഗത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയത് കാഞ്ഞിരമറ്റം ഇടവകയാണ്. കഴിഞ്ഞ ലക്കത്തിൽ തെറ്റായ വിവരം നൽകിയതിൽ ഖേദിക്കുന്നു.

2. 09/02/2025 ഉള്ളനാട് ഇടവകയിലെ കുടുംബക്കൂട്ടായ്മാഭാരവാഹികളുടെ സംഗമം വികാരി റവ. ഫാ. മാത്യു മതിലകത്ത് ഉദ്ഘാടനം ചെയ്തു. ഇടവക പ്രസിഡന്റ് ദേവസ്യാച്ചൻ തെക്കേക്കരോട്ട് അധ്യക്ഷത വഹിച്ചു. കുടുംബക്കൂട്ടായ്മ രൂപതാ ജോയിന്റ്സെക്രട്ടറി സണ്ണി വടക്കേടത്ത് ക്ലാസ് നയിച്ചു.

3. 09/02/2025 കാവുംകണ്ടം ഇടവകയിലെ കുടുംബക്കൂട്ടായ്മാവാർഷികം അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ ഡോ. ഷാജി പുന്നത്താനത്തുകുന്നേൽ നിർവഹിച്ചു രൂപത കുടുംബക്കൂട്ടായ്മ അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ മുഖ്യപ്രഭാഷണവും റവ.ഫാ. സ്കറിയാ വേക

ത്താനം അനുഗ്രഹപ്രഭാഷണവും നടത്തി. കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം അംഗം കെ.ഇ. തോമസ് കൈതയ്ക്കൽ ആശംസകൾ നേർന്നു.

4. 19/02/2025 ബിഷപ്സ് ഹൗസിൽ ചേർന്ന ബൈബിൾ കൺവൻഷൻ അവലോകന യോഗത്തിൽ രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ സംബന്ധിച്ചു.

5. 20/02/2025 ഷലോം പാസ്റ്ററൽ സെന്ററിൽ നടന്ന, കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ യാത്രയയപ്പുസമ്മേളനത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് എക്സിക്യൂട്ടീവ് അംഗം ജോണി വേലംകുന്നേൽ എന്നിവർ യാത്രാമംഗളങ്ങൾ നേർന്നു. ജേക്കബച്ചൻ മറുപടി പ്രസംഗം നടത്തി.

6. 22/02/2025 9.30 മാ ന് കുടുംബക്കൂട്ടായ്മയുടെ പുതിയ ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്തിലിനെ കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് അംഗങ്ങൾ സ്വാഗതം ചെയ്തു.

7. 23/02/2025 4 pm ന് ഇളംതോട്ടം ഇടവകയിലെ കുടുംബക്കൂട്ടായ്മ നേതൃത്വസമ്മേളനത്തിൽ പാലാ രൂപത കുടുംബക്കൂട്ടായ്മ അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ ക്ലാസ് നയിച്ചു.

8. 26/02/2025 10 am ന് കുറിച്ചിത്താനം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ യോഗം റവ. ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് ഉദ്ഘാടനം ചെയ്തു. പാലാ രൂപതാകുടുംബക്കൂട്ടായ്മ ജോയിന്റ് സെക്രട്ടറി സണ്ണി വടക്കേടത്ത് ക്ലാസ്സെടുത്തു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

ഫെബ്രുവരി 07-09, 24-26 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 201 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

മാർച്ച് 07-09, 21-23, ഏപ്രിൽ 03-05, 14-16 എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഫെബ്രുവരിമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ പ്രൊഫ. റ്റി.സി. തങ്കച്ചൻ, പൊഫ്ര. ആൻസി ജോസ് എന്നിവർ ക്ലാസ്സെടുത്തു. 387 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. സ്വാഗതവും യാത്രയയപ്പും**

ഫെബ്രുവരി 22-ാം തീയതി രാവിലെ 9.30 ന് ഷലോം പാസ്റ്ററൽ സെന്റിലേക്ക് ഇവാഞ്ചലൈസേഷൻ ഡയറക്ടറായി എത്തിയ റവ. ഫാ. ജോസഫ് അരിമറ്റത്തിൽ അച്ചന്റെ സ്വാഗതസമ്മേളനത്തിലും ഉച്ചകഴിഞ്ഞ് 3 മണിക്ക് ഉരുളിക്കുന്നം വികാരിയായി സ്ഥലം മാറിപ്പോകുന്ന റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ യാത്രയയപ്പു സമ്മേളനത്തിലും ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

## B. പിതൃവേദി

**1. രൂപത എക്സിക്യൂട്ടീവ്**

ഫെബ്രുവരി 4-ാം തീയതി വൈകുന്നേരം 4 മണിക്ക് പിതൃവേദി രൂപത എക്സിക്യൂട്ടീവ് രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുക്കുകയും പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്തു.

**2. രൂപതാസമിതി**

ഫെബ്രുവരി 13-ാം തീയതി വൈകുന്നേരം 4 മണിക്ക് പിതൃവേദി രൂപതാസമിതി പ്രസിഡന്റ് ജോസ് മുത്തനാട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## C. മാതൃവേദി

**1. രൂപത എക്സിക്യൂട്ടീവ്**

ഫെബ്രുവരി 3-ാം തീയതി രാവിലെ 11.00 ന് അരുവിത്തുറ ഇടവകയിൽ വച്ച് നടക്കാൻ പോകുന്ന ഹോം മിഷൻ പ്രോഗ്രാമിന്റെ പ്രാഥമികചർച്ച വികാരിയച്ചനും സിസ്റ്റേഴ്സുമായി നടത്തി.

**2. രൂപതാസമിതി**

ഫെബ്രുവരി 6-ാം തീയതി രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത പ്രസിഡന്റ് ഷേർളി ചെറിയാന്റെ അധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു. ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ കൂടുതൽ പ്രവർത്തനങ്ങളെക്കുറിച്ച് നിർദേശങ്ങൾ നൽകി.

**3. കെയർ ഹോം വാർഷികം**

ഫെബ്രുവരി 12-ാം തീയതി രാവിലെ 10 മണിക്ക് കെയർ ഹോമിന്റെ രൂപത വാർഷികം അരുണാപുരം പാരീഷ് ഹാളിൽവച്ചു നടത്തിയപ്പോൾ മാതൃവേദി അംഗങ്ങൾ സംബന്ധിച്ചു.

**4. യൂണിറ്റ് വാർഷികം**

ഫെബ്രുവരി 12-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മാതൃവേദി മാവടി യൂണിറ്റിന്റെ വാർഷികം രൂപതാഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

**5. മേഖലാവാർഷികം**

ഫെബ്രുവരി 14-ാം തീയതി രാവിലെ 10 മണിക്ക് മാതൃവേദി കടനാട് മേഖലാ വാർഷികം ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

ഫെബ്രുവരി 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് മാതൃവേദി ഭരണങ്ങാനം മേഖലാവാർഷികം ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. മാതൃവേദി രൂപതാസമിതിയംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

ഫെബ്രുവരി 18-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് മാതൃവേദി തീക്കോയി മേഖലാവാർഷികത്തിൽ ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ഫെബ്രുവരി 25-ാം തീയതി വൈകുന്നേരം 3 മണിക്ക് മുട്ടുചിറ മേഖല വാർഷികം അൽഫോൻസാഗിരി പള്ളി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു.

**6. കെ.സി.ബി.സി. വിമൺസ് ഫോറം**

ഫെബ്രുവരി 18-ാം തീയതി കെ.സി.ബി.സി. വിമൺസ് ഫോറം 2025-26 കാലഘട്ടത്തിലേക്കുള്ള ഇലക്ഷനിൽ കോട്ടയം സോണൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മേരിക്കുട്ടി അഗസ്റ്റ്യന് അഭിനന്ദനങ്ങൾ നേർന്നു

**7. വിനോദയാത്ര**

ഫെബ്രുവരി 21-ാം തീയതി മാതൃവേദി രൂപതാസമിതിയംഗങ്ങൾ എറണാകുളത്തേക്ക് വിനോദയാത്ര നടത്തി.

## D. പ്രോലൈഫ്

**1. മീറ്റിങ്**

ഫെബ്രുവരി 17-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോമിൽ വച്ചു നടത്തപ്പെട്ട പ്രോലൈഫ് സമിതിയുടെ മീറ്റിങ്ങിൽ, കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ പാലായിൽ വച്ച് നടത്താനിരിക്കുന്ന മീറ്റിങ്ങിനെക്കുറിച്ച് ചർച്ച ചെയ്തു. പ്രോലൈഫ് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**2. മീറ്റിങ്**

ഫെബ്രുവരി 24-ാം തീയതി വൈകുന്നേരം 4 മണിക്ക് ചേർപ്പുങ്കൽവച്ച് പ്രോലൈഫ് മീറ്റിങ് നടത്തപ്പെട്ടു.

**3. എക്സിക്യൂട്ടീവ് മീറ്റിങ്**

ഫെബ്രുവരി 27-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് പ്രോലൈഫ് സമിതിയുടെ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

### E. ഹോം മിഷൻ

വിവിധ ഇടവകകളിലായി നടത്തിവരുന്ന ഹോം മിഷൻ പൂർത്തിയായി വരുന്നു.

### F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റാസ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിങ്**

ഫെബ്രുവരി 20-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങളുടെ മീറ്റിങ് ഗൂഗിൾ മീറ്റിലൂടെ നടത്തപ്പെട്ടു.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റിക്രാഫ്റ്റ്സ്, പൂക്കൾനിർമാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയിന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

### H. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി **വിജയപുരം** ഇടവകയിലെ പെൺകുട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**നവവൈദികർക്കു സ്വീകരണം**

പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം അഭിഷിക്തരായ നവവൈദികർക്കു സ്വീകരണം നല്കി. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, എം.എം. ജേക്കബ്, ആൻസമ്മ സാബു തുടങ്ങിയവർ ആശംസകൾ നേർന്നു. നവവൈദികർക്ക് സമ്മാനങ്ങൾ നല്കി. 12 പേർ ആണ് ഈ വർഷം അഭിഷിക്തരായത്.

**രൂപതാക്കമ്മിറ്റി**

രൂപതാ പ്രസിഡന്റ്, എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ രൂപതാക്കമ്മിറ്റി ചേർന്ന്. ആനുകാലികവിഷയങ്ങൾ ചർച്ച ചെയ്തു. അംഗങ്ങളുടെ സംശയങ്ങൾക്കു ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും രൂപതാ പ്രസിഡന്റും മറുപടി നല്കി. ചർച്ചകൾക്ക് ജനറൽ സെക്രട്ടറി നേതൃത്വം നല്കി.

**കർമസേനാരൂപീകരണം**

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ 1001 അംഗ കർമസേന രൂപീകരിക്കാൻ രൂപതാക്കമ്മറ്റി തീരുമാനിച്ചു. ഓരോ യൂണിറ്റിൽനിന്നും കുറഞ്ഞത് അഞ്ചുപേർ വീതം ഉണ്ടായിരിക്കണമെന്നും തീരുമാനിച്ചു.

**സന്ദർശിച്ചു**

എറണാകുളം - അങ്കമാലി രൂപതയിൽ പ്രസാദഗിരി ഇടവകപ്പള്ളിയിൽ വിശുദ്ധ കുർബാനമധ്യേ ആക്രമിക്കപ്പെട്ട് മുട്ടുചിറ ആശുപത്രിയിൽ വിശ്രമിക്കുന്ന റവ. ഫാ. ജോൺ തോട്ടുപുറം അച്ചനെ രൂപതാപ്രസിഡന്റ് ഡയറക്ടർ, ജനറൽ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഭാരവാഹികൾ സന്ദർശിച്ച്. വിശുദ്ധ കുർബാനയെ അധിക്ഷേപിക്കുകയും വൈദികനെ അക്രമിക്കുകയും ചെയ്തതിനെ അപലപിക്കുകയും എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റി**

പാലാ രൂപതയുടെ മേൽനോട്ടത്തിൽ നടത്തുന്ന മധ്യതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ആതുരാലയമായ മാർ സ്ലീവാ മെഡിസിറ്റിക്കെതിരായി നടക്കുന്ന അപവാദപ്രചരണവും സംഘടിതപ്രവർത്തനവും ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്നും അതിനെതിരേ ശക്തമായി പ്രതികരിക്കണമെന്നും രൂപതാക്കമ്മിറ്റി ഏകകണ്ഠമായി തീരുമാനിച്ചു.

**വിമൻസ് കൗൺസിൽ**

രൂപതാ വിമൻസ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് യോഗം നടത്തി. റൈസി രാജേഷ് അധ്യക്ഷത വഹിച്ചു. ആൻസമ്മ സാബു വിഷയാവതരണം നടത്തി. മാർച്ച് 8 ന് വനിതാദിനം സമുചിതമായി നടത്താൻ തീരുമാനിച്ചു.

**യൂത്ത് കൗൺസിൽ മീറ്റിംഗ്**

പാലാ രൂപതയൂത്ത് കൗൺസിൽ യോഗം മുഖ്യ കോർഡിനേറ്റർ അജിത് അരിമറ്റത്തിന്റെ അധ്യക്ഷതയിൽ നടത്തി. എഡ്വിൻ പാമ്പാറ വിഷയാവത രണം നടത്തി. ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ചതിനെ അപലപിക്കു കയും പുനഃസ്ഥാപിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ജസ്റ്റീസ് കെ.ബി. കോശി റിപ്പോർട്ട് ഉടനെ പുറത്തുവിടണമെന്നും യോഗം ആവശ്യപ്പെട്ടു. ക്ലിന്റ് അരിപ്ലാക്കൽ, ജീൻ മുട്ടപ്പള്ളിൽ, ബേബിച്ചൻ എടാട്ട് തുടങ്ങിയവർ സംസാരിച്ചു.

**ഫൊറോന വാർത്തകൾ: ഭരണങ്ങാനം**

ഫൊറോന പ്രസിഡന്റ് സണ്ണി ഞായർകുളത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഫൊറോന ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വടക്കേത്ത കടിയേൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. ഫൊറോന സെക്രട്ടറി അരുൺ പോൾ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, സിന്ധു ജെയിംസ് തുടങ്ങിയവർ സംസാരിച്ചു.

**രാമപുരം**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് നിർമിക്കുന്ന ഭവനങ്ങളിൽ രാമപുരം മേഖലയിലെ ഭവനത്തിന്റെ കല്ലിടീൽകർമം കൊണ്ടാട് ഇടവകയിൽ രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാമപുരം ഫൊറോന വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, കൊണ്ടാട് ഇടവകവികാരി ഫാ. ജോസ് കുന്ന പ്പള്ളി എന്നിവർ ചേർന്നു നടത്തി. ഫൊറോന പ്രസിഡന്റ് അജോ തൂണു ങ്കൽ, രൂപതാ ട്രഷറർ ജോയി കണിപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായി രുന്നു.

**കൂട്ടിക്കൽ**

പാലാ രൂപതാ പ്ലാറ്റിനം ജൂബിലി കത്തോലിക്കാ കോൺഗ്രസ് ഭവന നിർമാണം കൂട്ടിക്കൽ ഫൊറോനയിൽ മലയിഞ്ചിപ്പാറ ഇടവകയിൽ ധൃതഗ തിയിൽ നടക്കുന്നു. രൂപത സെക്രട്ടറി സാബു പൂണ്ടിക്കുളത്തിന്റെ നേതൃത്വ ത്തിൽ ഫൊറോന ഭാരവാഹികൾ ഭവനനിർമാണത്തിൽ പങ്കാളികളായി പ്രവർത്തിക്കുന്നു.

**പൂഞ്ഞാർ**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ പൂഞ്ഞാർ ഫൊറോന യുടെ പ്രവർത്തനോദ്ഘാടനം രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. ഫൊറോന പ്രസിഡന്റ് ജോർജ് തൊടുവനാൽ അധ്യക്ഷത വഹിച്ച് ഫൊറോന വികാരി റവ. ഫാ. തോമസ് പനയ്ക്കക്കുഴി, റവ. ഫാ. മൈക്കിൾ നടുവിലേക്കുറ്റ്, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറ മ്പിൽ അരിപ്ലാക്കൽ, ജോൺസൺ ചെറുവള്ളി, ജോയി കല്ലാറ്റ് തുടങ്ങിയവർ സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ: ളാലം പുത്തൻപള്ളി**

കത്തോലിക്കാ കോൺഗ്രസ്, മാർ സ്ലീവാ മെഡിസിറ്റി, പിതൃവേദി എന്നി വർ സംയുക്തമായി ളാലം സെന്റ് ജോർജ് ഇടവകയിൽ പക്ഷാഘാതബോധ വത്കരണ സെമിനാർ നടത്തി. വികാരി റവ. ഫാ. ജോർജ് മൂലേച്ചാലിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. ജോസി വള്ളിപ്പാലം, ക്ലാസ്സ് നയിച്ചു. ഫാ. മാത്യു കോലത്ത്, സംഘടനാഭാരവാഹികളും സെമിനാറിന് നേതൃത്വം നല്കി.

**പൂഞ്ഞാർ**

വനംവകുപ്പിന്റെ കരിനിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പൂഞ്ഞാർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധയോഗം നടത്തി. യൂണിറ്റ് പ്രസിഡന്റ് ജോയി കല്ലാറ്റ് അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി റവ. ഫാ. തോമസ് പനയ്ക്കക്കുഴി ഉദ്ഘാടനം ചെയ്തു. യൂത്ത് കൗൺസിൽ കോർഡിനേറ്റർ ക്ലിന്റ് അരിപ്ലാക്കൽ, പിന്റോ ഞരളക്കാട്ട് തുടങ്ങിയവർ സംസാ രിച്ചു.

**കൂത്താട്ടുകുളം**

വിശ്വാസപരിശീലനരംഗത്ത് 50 വർഷം പൂർത്തിയാക്കിയ ശ്രീ ബേബി അടു ക്കലിനെ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ വികാരി റവ. ഫാ. സിറിയക് തടത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു. യൂണിറ്റ് ഭാരവാ ഹികൾ ആശംസകൾ നേർന്നു സംസാരിച്ചു.

**നേതൃസംഗമം**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ ചങ്ങനാശ്ശേരി റീജിയൺ നേതൃസംഗമം ഫെബ്രുവരി 23 ന് പാലാ രൂപത കമ്മിറ്റിയുടെ ആഭിമുഖ്യ ത്തിൽ ഭരണങ്ങാനം മാതൃഭവനത്തിൽ നടത്തി. ചങ്ങനാശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, പാലാ രൂപതകളിലെ യൂത്ത് കൗൺസിൽ നേതാക്കൾ പങ്കെ ടുത്തു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ടു ചെയ്യുന്ന ഫാത്തിമാപുരം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ മൂല്യവർധിത ഉത്പന്ന വിപണനകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. ഫാത്തിമാപുരം പള്ളി വികാരി റവ. ഫാ. മാത്യു തേവർകുന്നേൽ, പി.എസ്.ഡബ്ല്യൂ.എസ്, അസി. ഡയറക്ടർ ഫാ. ഇമ്മാനുവേൽ കാഞ്ഞിരത്തുങ്കൽ എന്നിവർ ചേർന്ന് ആശീർവാദം നിർവഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് ജോസ് പുത്തൻകാലാ ഉദ്ഘാടനം ചെയ്തു.

**കാർഷികമേളകൾ : മൂഴൂർ കാർഷികമേള**

മൂഴൂർ സെന്റ് മേരീസ് പള്ളിയുടെ ആഭിമുഖ്യത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വാശ്രയസംഘം, കർഷകദളം ഫെഡറേഷൻ, മറ്റു സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ കാർഷികമേള സംഘടിപ്പിച്ചു. കാർഷികവിളമത്സരങ്ങൾ, സേവന-വിപണ സ്റ്റാൾ, സ്കൂൾ വിദ്യാർഥികൾക്കായി വെജിറ്റബിൾ പ്രിന്റിംഗ് മത്സരങ്ങൾ, കർഷകസംരംഭകരെയും വിദ്യാർഥിപ്രതിഭകളെയും ആദരിക്കൽ, കർഷക സംവാദം, പുഷ്പ-ഫലവൃക്ഷത്തൈകളുടെ ശേഖരണം, കലാസന്ധ്യകൾ, ഫുഡ്കോർട്ടുകൾ എന്നിവയും മേളയുടെ ഭാഗമായിരുന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്ത മേളയിൽ രൂപത വികാരി ജനറാൾമാർ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരുടെ മഹനീയസാന്നിധ്യം ഉണ്ടായിരുന്നു.

**രാമപുരം കാർഷികമേള**

രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയുടെയും പാലാ സേഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും വിവിധ ഭക്തസംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ കാർഷികഭക്ഷ്യമേളയും വിപണനവും നടത്തപ്പെടുകയുണ്ടായി. കരിയർ ഗൈഡൻസ് സ്റ്റാളുകൾ, കാർഷികവിള പ്രദർശനമത്സരങ്ങൾ, കാർഷികസെമിനാറുകൾ, കാർഷികോപകരണവിപണനവും പ്രദർശനവും, കലാസന്ധ്യ, പ്രമുഖവ്യക്തിത്വങ്ങളെ ആദരിക്കൽ തുടങ്ങിയവ മേളയുടെ ഭാഗമായി.

**ജൽജീവൻ മിഷൻ**

ജൽജീവൻ മിഷന്റെ നിർവഹണസഹായഏജൻസിയായി സർക്കാർ നിശ്ചയിച്ച പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കിടങ്ങൂർ പഞ്ചായത്തിൽ ബോധവത്കരണപരിപാടികളുടെ ഭാഗമായി ലോക ക്യാൻസർ ദിനാചരണ

ത്തിന്റെ അനുബന്ധമായും ചേർപ്പുങ്കൽ ബി.പി.എം. സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ അഞ്ചു കേന്ദ്രങ്ങളിൽ ഫ്ളാഷ് മോബും സ്ട്രീറ്റ് പ്ലേയും കലാജാഥയും സംഘടിപ്പിച്ചു. ചേർപ്പുങ്കൽ ഹൈസ്കൂൾ അങ്കണത്തിൽ പരിപാടിയുടെ ഉദ്ഘാടനം ബി.വി.എം. കോളജ് പ്രിൻസിപ്പൽ റവ. ഡോ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി നിർവഹിച്ചു. പി.എസ്.ഡബ്യ്യൂ.എസ്. അസി. ഡയറക്ടർ ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ അധ്യക്ഷത വഹിച്ചു.

**സ്വാശ്രയസംഘവാർഷികങ്ങളും സമ്മേളനങ്ങളും**

മലയിഞ്ചിപ്പാറ നവോദയാ സ്വാശ്രയസംഘത്തിന്റെ വാർഷികം വിവിധ പരിപാടികളോടെ നടത്തി. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. എമ്മാനുവൽ കാഞ്ഞിരത്തുങ്കൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ എസ്. എസ്. ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ അധ്യക്ഷത വഹിച്ചു. എല്ലാ ഇടവകകളിലും ഫൊറോനകളിലും പ്രതിമാസ മീറ്റിംഗുകളും സ്ഥലം മാറിപ്പോകുന്ന എസ്.എസ്. ഡയറക്ടർമാരുടെ യാത്രയപ്പുസമ്മേളനങ്ങളും നടത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**കൗൺസിൽ & സോണൽ മീറ്റിംഗ്**

DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽവെച്ച് DCMS കൗൺസിൽ സമിതിയുടെയും സോണൽ സമിതിയുടെയും സംയുക്ത മീറ്റിംഗ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽകൂടി. ഈശ്വരപ്രാർഥനയോടെ ആരംഭിച്ച യോഗത്തിന് രൂപത ഓർഗനൈസർ ശ്രീ. ബേബി ആന്റണി സ്വാഗതം അർപ്പിച്ചു. തുടർന്ന് ക്രൈസ്തവമഹാസമ്മേളനത്തിന്റെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി അവതരിപ്പിച്ചു. ഫിനാൻസ് കമ്മിറ്റി കൺവീനർ മോൺ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് കണക്ക് അവതരിപ്പിക്കുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. തുടർന്ന് നടന്ന ചർച്ചകൾക്കുശേഷം രൂപത വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ കൃതജ്ഞത അർപ്പിച്ചു ആശീർവാദപ്രാർഥനയോടെ യോഗം അവസാനിച്ചു.

**വനിതാദിനം ആലോചനാമീറ്റിംഗ്**

2025 മാർച്ച് 8 വനിതാദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായുള്ള കൂടിയാലോചന മീറ്റിംഗ് ഫെബ്രുവരി 8, ഫെബ്രുവരി 23 എന്നീ ദിവസങ്ങളിൽ

ഷലോം പാസ്റ്ററൽ സെന്ററിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേകുറ്റിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ബിനോയ്ജോൺ, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി, ഖജാൻജി മേരി എം.പി., വിവിധ സോണൽ സെക്രട്ടറിമാർ, കൗൺസിൽ അംഗങ്ങൾ, സോണൽ സമിതിയംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**യുവജന ആലോചനമീറ്റിംഗ്**

DCMS രൂപതാസമിതിയുടെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് DCMS രൂപത ഓഫിസിൽ യുജനങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്യാൻ യുവജനങ്ങളുടെ ഒരു ആലോചനായോഗം രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ നേതൃത്വത്തിൽ രൂപത ഓഫീസിൽ നടത്തപ്പെട്ടു.

**രൂപതാക്കമ്മിറ്റി**

DCMS പാലാ രൂപതാസമിതിയുടെ ഫെബ്രുവരി മാസത്തെ രൂപതാക്കമ്മിറ്റി 2025 ഫെബ്രുവരി 23 ഞായറാഴ്ച രാവിലെ 11 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ കൂടി. യോഗം രൂപതാ വികാരി ജനറൽ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. ഈശ്വരപ്രാർഥനയോടെ ആരംഭിച്ച യോഗത്തിന് വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ സ്വാഗതം അർപ്പിച്ചു. തുടർന്ന് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. തുടർന്ന് DCMS അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനം ഏല്ക്കുന്ന ഫാ. മാണി കൊഴുപ്പൻകുറ്റി അച്ചനെ പൂച്ചെണ്ടു നല്കി സ്വീകരിച്ചു. ബഹു. മാണിയച്ചന്റെ മറുപടി പ്രസംഗത്തിനുശേഷം കമ്മിറ്റി അജണ്ടകൾ ചർച്ച ചെയ്തു. ശ്രീ ജോയ് മാത്യു കൃതജ്ഞതയർപ്പിച്ചു.

**അസിസ്റ്റന്റ് ഡയറക്ടർക്ക് സ്വീകരണം**

DCMS സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഇടവകകളിലേക്കു വ്യാപിപ്പിക്കുന്നതിനുംവേണ്ടി രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അച്ചനൊപ്പം ഒന്നിച്ചു പ്രവർത്തിക്കുവാൻ അഭിവന്ദ്യ പിതാവ് പുതുവത്സരസമ്മാനമായി DCMS സംഘടനയ്ക്കു നല്കിയ അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനമേൽക്കുന്ന ഫാ. മാണി കൊഴുപ്പൻകുറ്റിയച്ചന് DCMS പാലാ രൂപതാസമിതി രൂപത കമ്മിറ്റിയിൽ സ്വീകരണം നൽകി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)
**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി.ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് വാർഷികം**

പാലാ രൂപത കെയർ ഹോംസിന്റെ വാർഷികാഘോഷവും കുടുംബസംഗമവും രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സഭയുടെ കരുണാർദ്രശുശ്രൂഷയുടെ മുഖമാണ് കെയർ ഹോമുകൾ എന്ന് പിതാവ് പറഞ്ഞു. വിവിധ സന്ന്യാസസമൂഹങ്ങളും അല്മായസഹോദരങ്ങളും സ്നേഹത്തോടും അർപ്പണമനോഭാവത്തോടുംകൂടി ചെയ്തുവരുന്ന കെയർ ഹോംസ് ശുശ്രൂഷകൾ ശ്ലാഘനീയമാണെന്നും ബിഷപ് കൂട്ടിച്ചേർത്തു. മാർ സ്ലീവാ മെഡിസിറ്റി പാലാ രൂപത കെയർ ഹോംസ് സ്പെഷൽ സ്കൂൾ കുട്ടികൾക്കായി വിവധ പ്രോജക്ടുകളുടെ ഉദ്ഘാടനവും തദവസരത്തിൽ നടന്നു. രൂപത കെയർ ഹോംസ് വാർഷികാഘോഷപരിപാടിയിൽ പാലാ രൂപത വികാരി ജനറാൾമാരായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, അരുണാപുരം പള്ളി വികാരി റവ. ഫാ. മാത്യു പുല്ലുകാലായിൽ, പാലാ രൂപത കെയർ ഹോംസ് ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം തുടങ്ങിവർ ആശംസകൾ നേർന്നു. രൂപതയിലെ വിവിധ സന്ന്യാസസമൂഹങ്ങളുടെ സുപ്പീരിയർ ജനറൽസ്, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് തുടങ്ങിയവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. 74 കെയർ ഹോമുകളിൽനിന്നുള്ളവർ പങ്കെടുത്തു. കുട്ടികളും മുതിർന്നവരും കലാപരിപാടികൾ അവതരിപ്പിക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. പാലാ രൂപത കെയർ ഹോംസ് പ്രസിഡന്റ് സിസ്റ്റർ റീബാ വേത്താനത്ത് എഫ്.സി.സി, വൈസ് പ്രസിഡന്റ് സിസ്റ്റർ ആൻജോ എസ്.എം.എസ്, സെക്രട്ടറി സിസ്റ്റർ ജോയൽ എസ്.ആർ.എ. തുടങ്ങിയവർ വാർഷികാഘോഷത്തിനു നേതൃത്വം നൽകി.

**2. മാർ സ്ലീവാ മെഡിസിറ്റി – കെയർ ഹോംസ് സ്പെഷൽ സ്കൂൾ പ്രോജക്ട്**

മാർ സ്ലീവാ മെഡിസിറ്റി പാലാ രൂപത കെയർ ഹോംസ് സ്പെഷൽ സ്കൂൾ കുട്ടികൾക്കായി വിവധ പ്രോജക്ടുകളുടെ ഉദ്ഘാടനം മോൺ. റവ. ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു. പ്രോജക്ടിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന അഞ്ചു കാര്യങ്ങളെക്കുറിച്ച് വിശദീകരണം നൽകി.

1. സ്കൂൾതലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
2. സിംഗിൾ സ്പെഷ്യാലിറ്റി ക്യാമ്പ്: പ്രത്യേക പരിചരണം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാരെ നിയോഗിച്ച് പരിശോധന നടത്തി വൈദ്യസഹായം നൽകുന്ന ക്രമീകരണം.
3. ക്ലിനിക്ക്: സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും അവിടെ താമസിക്കുന്നവർക്കും മാനസികമായ സപ്പോർട്ട് നൽകുന്ന കൗൺസിലിംഗ് സഹായം ലഭ്യമാക്കുന്ന പദ്ധതി.
4. സിംഗിൾ കോൺടാക്ട് ഫോറം

5. ഹോം കെയർ സർവീസ് തുടങ്ങി അഞ്ചു മേഖലകളെ കേന്ദ്രീകരിച്ചുള്ള തായിരിക്കും ഈ പ്രോജക്ട് എന്ന് മാനേജിംഗ് ഡയറക്ടർ റവ. ഫാ. ജോസഫ് കണിയോടിക്കൽ അറിയിച്ചു. പ്രസ്തുത പ്രോജക്ടിന്റെ ഉദ്ഘാ ടനച്ചടങ്ങിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ റവ. ഡോ. ജോസഫ് കണി യോടിക്കൽ, റവ. ഫാ. മാത്യു പുല്ലുകാലായിൽ, റവ. ഫാ. ജോർജ് നെല്ലി ക്കുന്നുചെരിവുപുരയിടം, സിസ്റ്റർ റീബാ വേത്താനത്ത്, രൂപതയിലെ ഏഴ് സ്പെഷൽ സ്കൂളിൽനിന്നുള്ള പ്രിൻസിപ്പൽമാർ തുടങ്ങിയവർ സന്നിഹി തരായിരുന്നു.

മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ റവ. ഫാ. ജോസഫ് കണി യോടിക്കൽ, റവ. ഡോ. ജോസഫ് കണിയോടിക്കൽ പ്രോജക്ടിന്റെ കരട് രൂപം തയാറാക്കി പാലാ രൂപത കെയർ ഹോംസ് ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടത്തിനു കൈമാറിക്കൊണ്ട് പ്രോജ ക്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു.

**3. അവലോകന മീറ്റിംഗ്**

കെയർ ഹോംസ് എല്ലാ വിഭാഗം സ്ഥാപനങ്ങളുടെയും അവലോകന മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു.

**4. മാർ സ്ലീവാ മെഡിസിറ്റി – കെയർ ഹോംസ് സ്പെഷൽ സ്കൂൾ പ്രോജക്ട് ചർച്ച**

എല്ലാ സ്പെഷൽ സ്കൂൾ അധികാരികളുടെയും മീറ്റിംഗ് കൂടി മാർ സ്ലീവാ മെഡി സിറ്റി – കെയർ ഹോംസ് സ്പെഷൽ സ്കൂൾ പ്രോജക്ടിനെ സംബന്ധിച്ചുള്ള ചർച്ച നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

1. **മീറ്റിംഗ്**

   രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി

2. **ഡയറക്ടേഴ്സ് മീറ്റിംഗ്**

   മാനന്തവാടിയിൽവച്ചു നടന്ന കെ.എൽ.എം ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

3. **കെ.എൽ.എം. ആനുവൽ ജനറൽ ബോഡി മീറ്റിംഗ്**

   ഫെബ്രുവരി 15, 16 ദിവസങ്ങളിൽ എറണാകുളം പി.ഒ.സി-യിൽ വച്ചു നടന്ന ആനുവൽ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

4. **കെ.ൽ.എം. പ്രോജക്ട്**

   അസംഘടിതതൊഴിലാളികൾക്കും തയ്യൽത്തൊഴിലാളികൾക്കുമായി ഒരു പ്രോജക്ട് ലഭിച്ചിരിക്കുന്നു. അതു സംബന്ധിച്ച് ആലോചനകൾ നടക്കുന്നു. **വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

   1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**4.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (AA മീറ്റിംഗ്)**

ഫെബ്രുവരി 2, 9, 16, 23 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജീവിതം നയിക്കുന്നവർ അനുഭവങ്ങൾ പങ്കുവച്ചു. ഡയറക്ടർ, പ്രൊജക്റ്റ് കോഡിനേറ്റർ തുടങ്ങിയവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. അൽ–

**അനോൺ, അൽ–അറ്റീൻ കൂട്ടായ്മ**

അൽ–അനോൺ & അൽ–അറ്റീൻ കൂട്ടായ്മ ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ–അനോൺ) അവരുടെ മക്കളുടെയും (അൽ–അറ്റീൻ) സംഗമം ഫെബ്രുവരി 8 ന് നടത്തപ്പെട്ടു.

**ബോധവത്കരണക്ലാസ്സുകൾ**

ഫെബ്രുവരി 16, 23 എന്നീ തീയതികളിൽ യഥാക്രമം കുളമാവ്, കുറുമണ്ണ് ഇടവകകളിലെ അംഗങ്ങൾക്കും കൂടാതെ സണ്ടേ സ്കൂളിലെ കുട്ടികൾക്കും മാതപിതാക്കൾക്കുംവേണ്ടി അഡാർട്ട് ഡയറക്ടർ ബോധവത്കരണക്ലാസ്സുകൾ നടത്തി.

**സന്ദർശനം**

ഫെബ്രുവരി 20 ന് മരിയൻ കോളജ് കുട്ടിക്കാനം, സെന്റ് ജോസഫ് കോളജ് പിലാത്തറ എന്നിവിടങ്ങളിൽനിന്ന് വിദ്യാർഥികൾ അഡാർട്ട് സന്ദർശിക്കുകയും അഡാർട്ട് ഡയറക്ടർ, പ്രൊജക്റ്റ് കോഡിനേറ്റർ എന്നിവർ ചേർന്ന് ബോധവത്കരണക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

**തീർഥാടനം**

ജനുവരി 31, ഫെബ്രുവരി 1, 2 തീയതികളിലായി അഡാർട്ടിൽനിന്നു ചികിത്സാനന്തരം ലഹരിവിമുക്തജീവിതം നയിക്കുന്ന 43 AA അംഗങ്ങൾ ചേർന്ന് ഡയറക്ടറുടെ നേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2024**

ലോഗോസ് ക്വിസ് 2024 ന്റെ സമ്മാനങ്ങൾ മാർച്ച് 10 മുതൽ ഓഫിസിൽനിന്നു വിതരണം ചെയ്യുന്നതാണ്. സമ്മാനങ്ങൾ മാർച്ച് മാസത്തിൽത്തന്നെ കൈപ്പറ്റുമല്ലോ. വിശ്വാസോത്സവം തീരുന്നതിനുമുമ്പായി ഇടവകകളിൽ വിതരണം ചെയ്യുമല്ലോ.

**ലോഗോസ് ക്വിസ് 2025**

ലോഗോസ് ക്വിസ് 2025 ന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ഫെബ്രുവരി മാസത്തെ ക്ലാസ് 26-ാം തീയതി നടന്നു. അടുത്ത ക്ലാസ് മാർച്ച് 8 ന് നടക്കും

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ദ ശുശ്രൂഷ നടത്തപ്പെടുന്നു രാവിലെ 9 മണി മുതൽ 2 മണി വരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു 2025 ഫെബ്രുവരിമാസത്തിൽ ബ്രദർ സെബാസ്റ്റ്യൻ താന്നിക്കൽ, ബ്രദർ രാജീവ് കൊല്ലം, എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി

**2 ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമധ്യസ്ഥപ്രാർഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഫെബ്രുവരി 7 ന് പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ഉപവാസമധ്യസ്ഥപ്രാർഥന നടത്തുകയുണ്ടായി റവ. ഫാ. ജോസ് കാക്കല്ലിൽ (പാലാ കത്തീഡ്രൽ വികാരി) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. ആൽബിൻ പുതുപ്പറമ്പിൽ (ഇവഞ്ചലൈസേഷൻ അസി. ഡയറക്ടർ) വിശുദ്ധകുർബാന അർപ്പിച്ചു. ശ്രീ സെബാസ്റ്റ്യൻ താന്നിക്കൽ (KCSC) വചനപ്രഘോഷണം നടത്തുകയുണ്ടായി. ഫാ. ആന്റണി നങ്ങാപറമ്പിൽ (പാലാ B സബ്സോൺ ആനിമേറ്റർ) ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഇവാഞ്ചലൈസേഷൻ ഡയറക്ടർ) സോൺ, തുടങ്ങനാട് സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നല്കുകയുണ്ടായി

**3. പാലാ കരിസ്മാറ്റിക് സോൺ** ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽവച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി

**4 ഫെബ്രുവരിമാസത്തിലെ** എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺ ലൈനിൽ കുരിശിന്റെവഴി നടത്തപ്പെട്ടു.

**5 രാത്രിയാരാധന**

വി. അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ വച്ച് ഫെബ്രുവരി 22 ശനി രാത്രി യാരാധന നടത്തപ്പെട്ടു. റവ. ഫാ. സിബി OCD (കുട്ടിക്കാനം ധ്യാനകേന്ദ്രം) വചന പ്രഘോഷണവും ആരാധനയും നയിച്ചു. കുട്ടികൾക്കായി പരീക്ഷ ഒരുക്കപ്രാർഥ നയും നടത്തപ്പെട്ടു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി

**6.** ഫെബ്രുവരി 15 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. ശ്രീ ജാക്ക്സൺ ജോൺ, കൊല്ലം (സെൻട്രൽ ക്രിസ്റ്റീൻ മിനിസ്ട്രി കോ- ഓർഡിനേറ്റർ) വചനസന്ദേശം നൽകി. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ വചനപ്രഘോഷകർ, കൗൺ സലിംഗ് ശുശ്രൂഷ ചെയ്യുന്നവർ തുടങ്ങിയവർ ഒന്നിച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർഥിക്കുകയും ചെയ്തു

**7 ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ** (LSS)

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ വീതം ഏഴ് ആഴ്ചകൾകൊണ്ടു പൂർത്തി യാകുന്ന എൽ എസ് എസ് സെമിനാർ കൊഴുവനാൽ ദേവാലയത്തിൽ എല്ലാ ഞായറാഴ്ചകളിലും രണ്ടു മണി മുതൽ 5 മണി വരെയും നടന്നുകൊണ്ടിരിക്കുന്നു നാല്പതോളം പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് പ്രാർഥന**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ആദ്യഞായറാഴ്ച (ഫെബ്രുവരി 2) അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവരുടെ കുടുംബാംഗങ്ങൾക്കായും ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർഥിച്ചു.

**ആദരിച്ചു**

ബഹു. രാഷ്ട്രപതിയുടെ വിശിഷ്ടസേവാമെഡലിന് അർഹനായ പാലാ സബ് ജയിൽ മുൻ സൂപ്രണ്ടും നിലവിൽ പൊൻകുന്നം സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടുമായ ഷാജി സാറിനെ പാലാ സബ് ജയിലിൽ വച്ച് സംഘടിപ്പിക്കപ്പെട്ട

യോഗത്തിൽവച്ച് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റിനുവേണ്ടി ഡയറക്ടർ പൊന്നാട അണിയിച്ച് ആദരിച്ചു.

**കലാ-ബോധവത്കരണപരിപാടികൾ**

മാർ അപ്രേം സെമിനാരിയിലെ റെക്ടർ ബഹു. തോമസ് മണ്ണൂർ അച്ചന്റെയും വൈദികവിദ്യാർഥികളുടെയും സഹകരണത്തോടെ ഫെബ്രുവരി 15 ന് പാലാ സബ് ജയിലിൽ കലാപരിപാടികളും ബോധവത്കരണപ്രഭാഷണങ്ങളും ക്രമീകരിച്ചു. ജയിൽജീവനക്കാരുടെയും തടവറയിൽ കഴിയുന്നവരുടെയും പങ്കാളിത്തംമൂലം പരിപാടി ശ്രദ്ധേയമായി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണ ധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്നു. ധ്യാനം - ഫെബ്രുവരി 8 ന് മൗണ്ട്നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഫെബ്രുവരി 16 മുതൽ 22 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3. യാത്രയയപ്പു സമ്മേളനം**

മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി കഴിഞ്ഞ ഒരു വർഷക്കാലം സേവനമനുഷ്ഠിച്ചശേഷം ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാപ്പള്ളിയുടെ അസിസ്റ്റന്റ് വികാരിയായി സ്ഥലംമാറിപ്പോകുന്ന ബഹു. മൂക്കൻതോട്ടത്തിൽ ജോസഫച്ചന് മൗണ്ട് നെബോ ആബാഭവന കുടുംബം ഒന്നുചേർന്ന് ഫെബ്രുവരി 22 ന് ഉച്ചയ്ക്ക് ഹൃദ്യമായ യാത്രയയപ്പു നൽകി. അച്ചന്റെ എല്ലാ ശുശ്രൂഷകൾക്കും സേവനങ്ങൾക്കും ഹൃദയപൂർവകമായ നന്ദി അർപ്പിക്കുന്നതോടൊപ്പം, പുതിയ ഉത്തരവാദിത്വ നിർവഹണത്തിന് ആവശ്യമായ എല്ലാ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

**4. യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം:**
**2025 മെയ് 1 വ്യാഴം, 5 pm - 6 ചൊവ്വ, 9 am:**

യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക, യൗവനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ; ഹൃദയത്തിന്റെ പ്രേരണകളെയും

കണ്ണിന്റെ അഭിലാഷങ്ങളെയും പിൻചെല്ലുക. എന്നാൽ, ഓർമിച്ചുകൊള്ളുക, ഇവയ്ക്കെല്ലാം ദൈവം നിന്നെ ന്യായവിധിക്കായി വിളിക്കും (സഭാപ്രസംഗകൻ 11:9). ന്യായവിധിക്കായി ദൈവതിരുമുമ്പിൽ നിൽക്കുമ്പോൾ ആത്മവിശ്വാസത്തോടെ തലയുയർത്തി നിൽക്കത്തക്കവിധം, നല്ല ദൈവം തന്റെ വത്സലമക്കൾക്കായി ഈ ജീവിതത്തിൽ കരുതിവച്ചിരിക്കുന്ന ആനന്ദങ്ങളെയും സന്തോഷങ്ങളെയുമെല്ലാം കൃതജ്ഞതാപൂർവം ആസ്വദിച്ചുകൊണ്ട് യുവത്വത്തിന്റെ കരുത്തിൽ ജീവിക്കാൻ ഓരോ യുവാവിനെയും യുവതിയെയും സജ്ജമാക്കുന്ന ആത്മീയശുശ്രൂഷ. ബുക്കിംഗിന്: mountnebo.online

**5. സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം:**

2025 മെയ് 25 ഞായർ, 5 pm – 30 വെള്ളി, 9 am: ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും (ഹോസിയാ 2:14) എന്ന് കൊച്ചുപ്രായത്തിൽ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ ശ്രവിച്ച ദൈവികമന്ത്രണത്തിന് സന്തോഷത്തോടെയും ആവേശത്തോടെയും ഉത്തരംകൊടുത്തുകൊണ്ട്, വീടും നാടും തനിക്കു സ്വന്തമായവയുമെല്ലാം ഉപേക്ഷിച്ച്, ഈശോയുടെമാത്രം സ്വന്തമാകുവാൻ ഇറങ്ങിത്തിരിച്ചവരാണല്ലോ തിരുസ്സഭയിലെ ഓരോ സമർപ്പിതയും. സമർപ്പിതജീവിതത്തിൽ വർഷങ്ങൾ പിന്നിടുമ്പോൾ, സമർപ്പിതജീവിതത്തിന്റെ ശുശ്രൂഷാദൗത്യങ്ങളുടെ നിർവഹണത്തിരക്കുകളിൽ, മർത്തായെപ്പോലെ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായി ഭവിച്ച്, കൊച്ചുന്നാളിൽ ശ്രവിച്ച ദൈവികമന്ത്രണത്തിന്റെ മാധുര്യം നഷ്ടമായോ? തിരിച്ചറിയാനും തിരുത്തലെടുക്കാനും, തിരിച്ചുവന്ന് നാഥനോടൊപ്പം വിജനപ്രദേശത്ത് ആയിരിക്കുന്നതിന്റെ വശ്യമായ ഹൃദ്യത സ്വന്തമാക്കാനും സഹായിക്കുന്ന ആത്മീയശുശ്രൂഷ. ബുക്കിംഗിന്: mountnebo.online

**6. വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം:**

2025 ജൂൺ 2 തിങ്കൾ, 5 pm – 7 ശനി, 9 am (or, 6 വെള്ളി, 9 pm).

തിരുസ്സഭ, പ്രത്യേകിച്ച് തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ, വളരെ ബുദ്ധിമുട്ടേറിയ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ നാളുകളിൽ, നമ്മുടെ കർത്താവ് വിശുദ്ധ പത്രോസ്ശ്ലീഹാവഴി തിരുസ്സഭയെ ഭരമേല്പിച്ച ദൈവരാജ്യശുശ്രൂഷയുടെ വലിയ ദൗത്യത്തെക്കുറിച്ച് ആഴമായ അവബോധമുൾക്കൊള്ളാനും, പുതിയ ഉണർവോടെയും കരുത്തോടെയും തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കാൻ വൈദികരെ സഹായിക്കുകയും ചെയ്യുന്ന ധ്യാനമാണിത്. ധ്യാനത്തിൽ, കർദിനാൾ ജോർജ് ആലഞ്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ആന്റണി വാലുങ്കൽ എന്നിവർ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുന്നു. ബുക്കിംഗിന്: mountnebo.online

**7. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:**

| | | |
|---|---|---|
| എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm | : | ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം |
| 2025 മാർച്ച് 9 ഞായർ, 5 pm - 15 ശനി, 9 am | : | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2025 ഏപ്രിൽ 21 തിങ്കൾ, 5 pm - 27 ഞായർ, 9 am | : | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2025 മെയ് 1 വ്യാഴം, 5 pm - 6 ചൊവ്വ, 9 am | : | യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം |
| 2025 മെയ് 11 ഞായർ, 5 pm - 17 ശനി, 9 am | : | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2025 മെയ് 25 ഞായർ, 5 pm - 30 വെള്ളി, 9 am | : | സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം |
| 2025 ജൂൺ 2 തിങ്കൾ 5 pm - 7 ശനി, 9 am | : | വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം |

ധ്യാനങ്ങൾക്ക് ബുക്കിംഗിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു.

SFO പാലാ രൂപതാസമിതിയുടെയും വിവിധ റീജിയൻ സമിതികളുടെയും ആഭിമുഖ്യത്തിലും സ്പിരിചൽ അസിസ്റ്റന്റുമാരുടെ ആത്മീയനേതൃത്വത്തിലും രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. കോതനല്ലൂർ സെന്റ് Gervasis and Prothasis ഫൊറോന ഇടവകയിൽ ഫ്രാൻസിസ്കൻ അല്മായസഭയുടെ പുതിയ യൂണിറ്റ് രൂപീകരിക്കപ്പെട്ടു. പുതിയ യൂണിറ്റിന്റെ സ്ഥാപനവും രൂപീകരണവുമായി ബന്ധപ്പെട്ട് SFO രൂപത സ്പിരിചൽ അസിസ്റ്റന്റ് ഫാ. ആന്റണി വെച്ചൂർ OFM. Cap:, രൂപത പ്രസിഡന്റ് ബ്ര. സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ കുറവിലങ്ങാട് റീജിയൻ പ്രസിഡന്റ് ബ്ര. സി.ജെ. കുര്യൻ ചെറുകാട്ടിൽ എന്നിവർ 30-01-2025, 11-02-2025 എന്നീ തീയതികളിൽ കോതനല്ലൂർ പള്ളിയിൽ സന്ദർശനം നടത്തു

കയും SFO യുടെ പ്രാർത്ഥന കൂട്ടായ്മയിലും മീറ്റിങ്ങിലും സംബന്ധിക്കുകയും ചെയ്തു. പ്രസ്തുത മീറ്റിങ്ങിൽ വച്ച് സഭാംഗങ്ങളായ അർഥികൾക്ക് സ്വീകരണം നല്കി. യൂണിറ്റുതല ഭാരവാഹികളുടെ തിരഞ്ഞെടുത്തു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1 മീറ്റിംഗ്**

രൂപതാസമിതിയുടെ മീറ്റിംഗ് കൂടി രൂപത കൺവൻഷനെക്കുറിച്ച് ചർച്ച ചെയ്തു. സപ്ലിമെന്റ് കമ്മിറ്റി, പ്രോഗ്രാം കമ്മിറ്റി, സ്വീകരണ കമ്മിറ്റി, ഫുഡ് കമ്മിറ്റി തുടങ്ങിയ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ ജോർജ് വടക്കേലിന്റെ നേതൃത്വത്തിലുള്ള സപ്ലിമെന്റ് കമ്മിറ്റിയും രൂപീകരിച്ചു.

**2. പാലാ രൂപത കൺവൻഷൻ**

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത കൺവൻഷൻ അരുണാപുരം പാരീഷ് ഹാളിൽവച്ച് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ആനുകാലികവിഷയങ്ങളിൽ സമയോചിതമായി ഇടപെടാൻ ദീപികയ്ക്കു സാധിക്കുന്നുണ്ടെന്നും മൂല്യങ്ങൾ പകരുന്ന ദീപികയ്ക്ക് വലിയൊരു വിശ്വാസ്യതയുണ്ടെന്നും പിതാവ് പറഞ്ഞു.

ഡിഎഫ്സി പാലാ രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ് കുഴികോടിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ രൂപതാ ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നു ചെരിവുപുരയിടം സ്വാഗതവും പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണവും നൽകി.

സംസ്ഥാന പ്രസിഡന്റ് ജോർജ് വടക്കേൽ, സെക്രട്ടറി ആന്റണി തോമസ്, അരുണാപുരം പള്ളി വികാരി ഫാ. മാത്യു പുല്ലുകാലായിൽ തുടങ്ങിയവർ പ്രസംഗിച്ചു. രൂപത വനിതാവിഭാഗം പ്രസിഡന്റ് ജാൻസി തോട്ടക്കര കൃതജ്ഞത പറഞ്ഞു.

**3. ഫൊറോനാ തിരഞ്ഞെടുപ്പ്**

സമ്മേളനത്തിൽ ഫൊറോനാകളിലെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**പാലാ കാർഷികജില്ലാ സമിതിയോഗം**

ഇൻഫാം പാലാ കാർഷികജില്ലാസമിതിയുടെ ഒരു യോഗം 22/12/2024ൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തി. പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ അധ്യക്ഷത വഹിച്ച യോഗം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ തോമസ് മാത്യു തുപ്പലഞ്ഞിയിൽ മുഖ്യ

പ്രഭാഷണം നടത്തി. രൂപതയിലെ വിവിധ മേഖലകളെ പ്രതിനിധീകരിച്ച് അതതു മേഖലകളിലെ പ്രതിനിധികൾ സംസാരിച്ചു. കെ.എസ്. മാത്യു മാമ്പറമ്പിൽ, തോമസ് മറ്റം, ലീലാമ്മ ജോസഫ് ഇലവുങ്കൽ എന്നിവർ സംസാരിച്ചു. യോഗത്തിൽ 41 പേർ പങ്കെടുത്തു.

**സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റി**

ഇൻഫാം സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഒരു യോഗം 28/01/2025ൽ പാറത്തോട് എം.ഡി.എസ്. ഹാളിൽ നടന്നു. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ അധ്യക്ഷത വഹിച്ച യോഗം ദേശീയ ചെയർമാൻ  ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജോയിന്റ് സെക്രട്ടറി ടോം ചമ്പക്കുളം റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന കോർഡിനേറ്റർ ഫാ. ജോസഫ് മോനിപ്പള്ളി, ഉത്തരമേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ട് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ വിവിധ കാർഷികജില്ലകളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. പാലാ കാർഷികജില്ലയുടെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സംസാരിച്ചു. ഇപ്പോൾ ഇൻഫാം അഞ്ചു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുവെന്നും കേരളത്തിൽ എട്ടു രൂപതകളിലായി ഐ.ഡി. കാർഡ് എടുത്ത 11305 അംഗങ്ങൾ ഇൻഫാമിനുണ്ടെന്നും ഫാ. തോമസ് മറ്റമുണ്ടയിൽ അറിയിച്ചു.

**ഫാ. ജോസ് തറപ്പേൽ ഇൻഫാം ദക്ഷിണമേഖലാ ഡയറക്ടർ,** പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഇൻഫാം ദക്ഷിണ മേഖലാ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ടു ഫാ. ജോസ് തറപ്പേലിന് പാലാ കാർഷികജില്ലയുടെ അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

**ഐ.ഡി. കാർഡ്  വിതരണം**

1/2/2025 ൽ വയലാ ഗ്രാമസമിതിയംഗങ്ങളുടെ ഐ.ഡി. കാർഡ് വിതരണം വയലാപള്ളി ഹാളിൽവെച്ച് നടന്നു. പ്രസിഡന്റ് ലൂക്കോസ് തടിയനാനിക്കൽ അധ്യക്ഷത വഹിച്ച യോഗം വികാരി ഫാ. ജോസ് കോട്ടയിൽ ഉദ്ഘാടനം ചെയ്യുകയും ഐ.ഡി. കാർഡ് വിതരണത്തിന്റെ ഉദ്ഘാടനകർമം നിർവഹിക്കുകയും ചെയ്തു. ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, മുഖ്യപ്രഭാഷണം നടത്തി. സെബാസ്റ്റ്യൻ ജോർജ് മുണ്ടയ്ക്കൽ തറപ്പേൽ, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ പ്രസംഗിച്ചു.

2/2/2025 ൽ മുത്തോലപുരം ഗ്രാമസമിതിയംഗങ്ങളുടെ ഐ.ഡി. കാർഡ് വിതരണം മുത്തോലപുരം പള്ളിഹാളിൽ വെച്ച് നടന്നു. പ്രസിഡന്റ് സിറിയക് മാത്യു അധ്യക്ഷത വഹിച്ച യോഗം വികാരി ഫാ. ജോൺ മറ്റം  ഉദ്ഘാടനം  ചെയ്യുകയും ഐ.ഡി. കാർഡ് വിതരണത്തിന്റെ ഉദ്ഘാടനകർമം നിർവഹിക്കുകയും ചെയ്തു. ഫാ. ജോസ് തറപ്പേൽ മുഖ്യപ്രഭാഷണം നടത്തി.

**എക്സിക്യൂട്ടിവ് കമ്മിറ്റി**

പാലാ കാർഷികജില്ലാ എക്സിക്യൂട്ടിവ് കമ്മറ്റിയുടെ  ഒരു യോഗം 3/2/2025 ൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്നു. ഫാ. ജോസ് തറപ്പേലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ

ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സെക്രട്ടറി തോമസ് മറ്റം എന്നിവർ പ്രസംഗിച്ചു.

**സംസ്ഥാന അസംബ്ലി**

ഇൻഫാം കേരള സംസ്ഥാന അസംബ്ലി 12/2/2025 ൽ പാറത്തോട് എം.ഡി.എസ് ഹാളിൽവെച്ച് നടന്നു. ദേശീയ രക്ഷാധികാരി അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനി പിതാവ് പതാക ഉയർത്തി. സംസ്ഥാന ഓർഗനൈസർ ഫാ. ജോസഫ് മോനിപ്പള്ളി, സംസ്ഥാന ട്രഷറർ തോമസ് തുപ്പലഞ്ഞി എന്നിവർ ചേർന്ന് "അമർകിസാൻ" ജ്യോതി പ്രകാശിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ടിന്റെ അധ്യക്ഷതയിൽ നടന്ന യോഗം അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനി പിതാവ് ഉദ്ഘാടനം ചെയ്തു. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ മുഖ്യപ്രഭാഷണം നടത്തി. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, സംസ്ഥാന സെക്രട്ടി ഡോ. പി.വി. മാത്യു പ്ലാത്തറ ദേശീയ ജന. സെക്രട്ടറി ഫ. ജോസഫ് കാവനാടി എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധി കാർഷികജില്ലകളുടെ റിപ്പോർട്ട് അവതരണം നടന്നു. പാലാ കാർഷികജില്ലയുടെ പ്രവർത്തനങ്ങളുടെ അവലോകനവും ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളും ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അവതരിപ്പിച്ചു. ഡോ. കെ.കെ. ജോസഫ് കരിപ്പാക്കുടിയിൽ, പാലാ കാർഷികജില്ലയുടെ പ്രവർത്തനങ്ങളുടെ അവലോകനവും ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളും ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അവതരിപ്പിച്ചു. ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, പാലാ കാർഷികജില്ലയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. പാലാ കാർഷികജില്ലയുടെ റിപ്പോർട്ട് സെക്രട്ടറി തോമസ് മറ്റം അവതരിപ്പിച്ചു. തുടർന്ന നടന്ന സമാപനസമ്മേളനം കാഞ്ഞിരപ്പള്ളി മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനി പിതാവ് സമാപനസന്ദേശം നല്കി. വന്യമൃഗ ആക്രമണങ്ങൾക്കെതിരേ പ്രമേയം പാസ്സാക്കി. തുടർന്ന് ഫാ. തോമസ് മറ്റമുണ്ടയിൽ കർഷകസമുദ്ധാരണത്തിനുവേണ്ടി ഒൻപതിന കർമപരിപാടി അവതരിപ്പിച്ചു.

1. ഭൂമി പുനർജനിപദ്ധതി
2. ധരണീസമൃദ്ധിപദ്ധതി
3. കാർഷികവനവത്കരണപദ്ധതി
4. കാർഷികവിള സംഭരണ, സംസ്കരണ, വിതരണപദ്ധതി
5. അനുബന്ധ കൃഷി പ്രോത്സാഹനപദ്ധതി
6. കൈക്കോട്ടും ചിലങ്കയും-കലാസാംസ്കാരിക പ്രോത്സാഹനപദ്ധതി
7. ആരോഗ്യപരിപാലനപദ്ധതി
8. വിദ്യാഭ്യാസപ്രോത്സാഹന പദ്ധതി
9. മാനസികസംഘർഷ ലഘൂകരണപദ്ധതി. എന്നിവയാണ് പദ്ധതികൾ. സംസ്ഥാന ജോ. സെക്രട്ടറി ടോം അറയ്ക്കൽപറമ്പിലിന്റെ കൃതജ്ഞതാപ്രകാശനത്തോടെ പരിപാടികൾ സമാപിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. അക്വീനാസ് കല്ലറയ്ക്കൽ SH

പാലാ രൂപതയിൽ മേലുകാവുമറ്റം ഇടവകയിൽ കല്ലറയ്ക്കൽ കുടുംബത്തിൽ ജോസഫ്-ത്രേസ്യാ ദമ്പതികളുടെ ഒമ്പതു മക്കളിൽ മൂന്നാമത്തെ സന്താനമായി 1933 മാർച്ച് 23-ന് ജനിച്ചു. അക്വീനാസമ്മയ്ക്കു മാമ്മോദീസായിൽ ലഭിച്ച പേര് അന്ന എന്നായിരുന്നു. സാമാന്യവിദ്യാഭ്യാസത്തിനുശേഷം 1955 ജൂൺ 15-ാംതീയതി രാമപുരം മഠത്തിൽ അർഥിനിയായി വന്നു.

സന്ന്യാസപരിശീലനത്തിനുശേഷം 1957 ഏപ്രിൽ 13 ന് ആദ്യവ്രതവും 1960 മെയ് 12 ന് നിത്യവ്രതവും അനുഷ്ഠിച്ച് തിരുഹൃദയനാഥന്റെ സ്വന്തമായിത്തീർന്നു. 1958 ൽ Needle work and Garment making പഠിച്ച് സെക്കൻഡ് ക്ലാസിൽ പാസായ അക്വീനാസമ്മ ആ വർഷംതന്നെ മൂലമറ്റം സെന്റ് ജോർജ് യുപി സ്കൂളിൽ അധ്യാപികയായി നിയമിക്കപ്പെട്ടു. ഒമ്പതു വർഷം അവിടെ സ്തുത്യർഹമാംവിധം സേവനമനുഷ്ഠിച്ച അക്വീനാസമ്മയെ അധികാരികൾ മുതലക്കോടം സെന്റ് ജോസഫ് BTS -ൽ TTC പഠനത്തിനായി അയച്ചു. പ്രശസ്ത വിജയം കൈവരിച്ച അക്വീനാമ്മ പാലാ സെന്റ് തോമസ് ട്രെയിനിങ് സ്കൂളിൽ അധ്യാപികയായി സേവനം തുടർന്നു. നരിയങ്ങാനം സെന്റ് മേരി മഗ്ദലൻ യുപി സ്കൂളിൽ അധ്യാപികയായി സേവനം ചെയ്തുവരവേ, 1983 ൽ അടിവാരം സെന്റ് മേരീസ് സ്കൂളിൽ HM ആയി നിയമിതയായി. ചേറ്റുതോടും അടിവാരത്തും പ്രഥമ അധ്യാപികയായി സേവനം ചെയ്ത അക്വീനാമ്മ 1990-ൽ സർവീസിൽനിന്നു വിരമിച്ചുവെങ്കിലും തിരുവനന്തപുരത്ത് വട്ടപ്പാറ ലൂർദ് സ്കൂളിൽ സേവനം തുടർന്നു. മുപ്പത്തിയഞ്ചുവർഷക്കാലം അധ്യാപനപ്രേഷിതരംഗത്ത് തന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അക്വീനാമ്മയ്ക്കു സാധിച്ചു.

മൂലമറ്റം, പാലാ, നരിയങ്ങാനം, അടിവാരം, ചേറ്റുതോട്, നെടുമങ്ങാട് നീലൂർ, അറുനൂറ്റിമംഗലം, മൂന്നിലവ്, കീഴൂർ, അറക്കുളം, പയസ് മൗണ്ട്, മേലുകാവ് എന്നീ ഇടവകകളും മഠങ്ങളുമായിരുന്നു അക്വീനാമ്മയുടെ സേവനത്താലും പ്രാർത്ഥ

നയാലും അനുഗൃഹീതമായിത്തീർന്നത്. ഭവനങ്ങളിൽ അസിസ്റ്റന്റ് മദർ, മെസ് മാനേജർ, പാർലർ ഇൻചാർജ്, ഹോസ്റ്റൽ വാർഡൻ, സോഷ്യൽ വർക്ക് ഇൻ ചാർജ് മേഖലകളിലെല്ലാം സേവനം കാഴ്ചവച്ചു. കുട്ടികളെ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുക മാമ്മോദീസ, വിവാഹം തുടങ്ങിയ കൂദാശകൾക്കു ഒരുക്കുക, മിഷൻലീഗ്, ലീജിയൻ ഓഫ് മേരി തുടങ്ങിയ സംഘടനകളുടെ നേതൃത്വം വഹിച്ചുകൊണ്ട് വിശ്വാസചൈതന്യത്തിൽ അനേകരെ ആഴപ്പെടുത്തുക എന്നിങ്ങനെ സമസ്തമേഖലകളിലും അവിശ്രാന്തം അധ്വാനിച്ചു. 68 വർഷം അർഥപൂർണമായി തന്റെ സമർപ്പണജീവിതം ആഘോഷിക്കാൻ അക്വീനാമ്മയ്ക്ക് ഭാഗ്യം സിദ്ധിച്ചു. പ്രായത്തിന്റേതായ ചെറിയ അസ്വസ്ഥതകൾ ഉണ്ടായിരുന്ന വെങ്കിലും പ്രസന്നവദനയായി മുൻപോട്ടു പോയിരുന്ന അക്വീനാമ്മയിൽ 2024 മെയ് മാസം മുതൽ കാൻസർ രോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ വിദഗ്ധമായ ചികിത്സയ്ക്കു വിധേയമാക്കിയെങ്കിലും കാര്യമായ ഫലപ്രാപ്തി ഉണ്ടായില്ല. മേലുകാവ് മഠത്തിലും മെഡിസിറ്റിയിലും ചക്കാമ്പുഴ, മൂലമറ്റം എന്നീ ഹോസ്പിറ്റലുകളിലുമായി തന്റെ അന്ത്യദിനങ്ങൾ അക്വീനാമ്മ ചെലവഴിച്ചു. 28/01/2025 ചൊവ്വാഴ്ച തന്റെ നാമഹേതകവിശുദ്ധനായ വിശുദ്ധ തോമസ് അക്വീനാസിന്റെ തിരുനാൾ ദിവസം 8.15 am ന് ആ പാവനാത്മാവ് ഈ ലോകത്തോടു വിടവാങ്ങി. 29 -ാം തീയതി 8.30 am ന് അക്വീനാമ്മയുടെ സഹോദരപുത്രൻ റവ ഫാ. മാർട്ടിൻ കല്ലറയ്ക്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷകൾ മേലുകാവുമഠം ചാപ്പലിൽ ആരംഭിച്ചു. തുടർന്ന് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം മേലുകാവ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു




## FEBRUARY 2025

| | | |
|---|---|---|
| 1. | 9.15 am. | ഭരണങ്ങാനം ഇടവക ഈറ്റയ്ക്കക്കുന്നേൽ ജോസ് ജോസിന്റെ മൃതശരീരത്തിന് അരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10: 00 am | പാലാ അൽഫോൻസ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന 'അവിടുന്ന് നമ്മെ സ്നേഹിച്ചു' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഏറ്റവും പുതിയ ചാക്രിക ലേഖനത്തെപ്പറ്റിയുള്ള ഏകദിനപഠന ശിബിരം ഉദ്ഘാടനം ചെയ്തു. |
| | 11.15 am. | കാഞ്ഞിരമറ്റം ഇടവക നാഗമറ്റത്തിൽ ലൂക്കാ ജോസഫിന്റെ മൃതശരീരത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.15 pm | കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെയും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റഡീസിന്റെയും നേതൃത്വത്തിൽ നടന്ന ഇന്റർനാഷണൽ സിറിയക് തിയോളജി സിമ്പോസിയത്തിൽ പങ്കെടുത്തു. |
| | 6.45 pm | അന്തീനാട് പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 2 | 7.45 am | അന്തിനാട് പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു, വചനസന്ദേശം നൽകി, സെമിത്തേരിസന്ദർശനം നടത്തി. തുടർന്ന് പൊതുയോഗത്തിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 3 | 9 am | എഡിസിപി ഓഫീസിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സി ആലീസ് CMCയുടെ പ്രഥമവ്രതവാഗ്ദാന ഗോൾഡൻ ജൂബിലിയിൽ പങ്കെടുത്തു. |
| 4 | 11 am | ലോകകാൻസർ ദിനത്തോടനുബന്ധിച്ച് ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ നടന്ന സെമിനാറിൽ സംബന്ധിച്ചു. |
| 5 | 4pm | കടനാട് സെന്റ് മാത്യൂസ് എൽ.പി. സ്കൂളിന്റെ ശതാബ്ദിസമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 6 | 3 pm | മൂലമറ്റം സെന്റ് ജോർജ് യു.പി. സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി സമാപനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 7 | 4 pm | നവീകരിച്ച കൈപ്പള്ളി സെന്റ് ആന്റണീസ് ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. |
| 8 | 10 am | മൂഴൂർ ഇടവകയിൽ കാർഷികമേള ഉദ്ഘാടനം ചെയ്തു. |
| | 2.30 pm | സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദി ജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു. |
| | 5.30 pm | പാലാ രൂപതയിൽ വിവിധ ഇടവകകളിൽ ഈ വർഷം അജപാലനശുശ്രൂഷ ചെയ്ത വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെയും തെള്ളകം കപ്പൂച്ചിൻ ആശ്രമത്തിലെയും ശെമ്മാശന്മാർക്ക് അരമനയിൽ സ്വീകരണം നൽകി. |
| 9 | 5 :00 pm | അരുണാശേരി ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| 11 | 10 am | മൂന്നു നോമ്പിനോട് അനുബന്ധിച്ച് കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ചുഡീക്കൻ ദേവാലയത്തിൽ നവാഭിഷിക്തരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 5:00 pm | ഈ വർഷം പാലാ രൂപതയ്ക്കായി തിരുപ്പട്ടമേറ്റ നവാഭിഷിക്തർക്ക് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി. |

| | | |
|---|---|---|
| 12 | 11:30 am | അരുണാപുരം സെന്റ് തോമസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് കെയർ ഹോംസ് വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 05 00 pm | ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 13 | 09 am | കടുത്തുരുത്തി ഇടവകയിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ സഹകരണത്തോടെ ഹോം പാലായുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| | 6 pm | വിജയപുരം ബിഷപ്സ് ഹൗസിൽ വച്ച് നടന്ന റീജണൽ ബിഷപ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 14 | 7 am | വിജയപുരം ബിഷപ്സ് ഹൗസിൽ വച്ച് നടന്ന റീജണൽ ബിഷപ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 5 pm | കയ്യൂർ ക്രിസ്തുരാജ് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം, തിരുനാൾ കൊടിയേറ്റ് നടത്തി വിശുദ്ധ കുർബാന അർപ്പിച്ചു, ജൂബിലി വർഷ പദ്ധതി പ്രഖ്യാപനം എന്നിവ നിർവഹിച്ചു. |
| 15 | | ളാലം എഫ് സി സി ലിറ്റിൽ ഫ്ളവർ കോൺവെന്റിന്റെ ശതാബ്ദിയാഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 2.30 pm | പാലാ അൽഫോൻസാ കോളജിൽ വച്ച് ദീപനാളം സാഹിത്യശില്പശാലയും പ്രതിഭാസംഗമവും ഉദ്ഘാടനം ചെയ്തു |
| | 6.45 pm | ലൂർദ് മൗണ്ട് പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർഥനയിലും സംബന്ധിച്ചു. |
| 16 | 7.45am | ലൂർദ് മൗണ്ട് ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു, വചനസന്ദേശം നൽകി തുടർന്ന് പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 6.45 pm | രാമപുരത്ത് PSWS ന്റെ രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന കാർഷികമേള ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| 17 | | ചുണ്ടച്ചേരി ഇടവകയിൽ ഹോംപാലാ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ച ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി. |
| 18 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 19 | 3 pm | അരുണാപുരം സെന്റ് തോമസ്പള്ളി ഓഡിറ്റോറിയത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ രൂപതാവാർഷികം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 20 | 4.30 pm | കരൂർ സ്റ്റീൽ ഇന്ത്യ എസ്റ്റേറ്റിൽ വെഞ്ചരിപ്പു കർമ്മം നടത്തി. |
| 21 | 10: 00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| 22 | 1:30 am | ചൂണ്ടച്ചേരി എൻജിനീയറിങ് കോളേജ് ചെയർമാനായി പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് ജോസഫ് തടത്തിൽ അച്ചന്റെ സ്ഥനാരോഹണച്ചടങ്ങിൽ സംബന്ധിച്ചു. |
| 23 | 11:30 am | രത്നഗിരി ഇടവകയിൽ പേക്കാടംകുഴിയിൽ അഗസ്റ്റിൻ - മേരി ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് (റോസ) പ്രാരംഭകൂദാശകൾ നൽകി. |
| | 2.30 pm | പിറവം ഇടവകയിൽ കുന്നുംപുറത്ത് ബിജു ജോസഫിന്റെ മൃതശരീരത്തിന് അരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 24 | 11: 00 am | പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ യാത്രയയപ്പുസമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 25 | 10 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 26 | 3:00 pm | ഇലഞ്ഞി കർമ്മലീത്താ മഠത്തിൽ മഹാകവിത്രി സി. മേരി ബനിഞ്ഞയുടെ ജനനശതോത്തരരജത ജൂബിലിയാഘോഷവും, അവാർടുദാനത്തിലും, ബനീഞ്ഞാസ്മാരകം ആശിർവാദകർമ്മത്തിലും സംബന്ധിച്ചു. |
| 27 | 2:30 pm | PSWS നേതൃത്വത്തിൽ ബിഷപ്സ് ഹൗസിൽ നടന്ന കാൻസർ ദിനാചരണവും സന്നദ്ധപ്രവർത്തക പരിശീലനവും ആദരിക്കലിലും പങ്കെടുത്തു. |

| | | |
|---|---|---|
| | 3:30 pm | നെയ്യാറ്റിൻകര രൂപതയുടെ പുതിയ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട മോൺ. സെൽവരാജനെ സ്വീകരിച്ചു. |
| | 5:00pm | അടുക്കം ഇടവകയിൽ പുതിയതായി ഗ്രോട്ടോയും സെമിത്തേരി ചാപ്പലും പിയാത്തയും കുരിശിന്റെ വഴിയും വെഞ്ചിരിച്ചു. |
| 28 | 6:00 am | അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 10: 00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

2025
MARCH

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# ആശംസകൾ





**മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന**

**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും**

**മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും**

## സ്നേഹനിർഭരമായ
## പ്രാർഥനാശംസകൾ

*Printed at St.Thomas Press, Palai and Published by Fr. Sebastian Pendanath*